CHURCH WEEKLY



June 2020

An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly



Vol. 74
Issue 6
June 2020

Sri K.C. Chacko
Founder of the Church Weekly
(1946)



An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

74th Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India	
Single Issue	₹ 10.00	
Annual	₹ 100.00	
10 years	₹ 900.00	
Life (Patron)	₹ 10000.00	
	Outside India	
Annual	₹ 600.00	or 10 USD
10 years	₹ 6000.00	or 100 USD
Life (Patron)	₹ 60000.00	or 1000 USD


- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്‌വചനം

മാതൃകകളാണ്
ലോകത്തെ മാറ്റിയത്,
വെറും അഭിപ്രായങ്ങളല്ല.

-പൗലോ കൊയ്‌ലോ



ഈ ലക്കത്തിൽ

70 years ago

"The Epiphany"

Church Weekly
JULY 16, 1950

WORSHIP

How to worship God - many of us give too little thought to this question. Sometimes we have a wrong idea about God. We think of Him as a vast formless impersonal Entity of which we ourselves and all living things - in fact the whole universe about us - is somehow a part, and so we do not see how worship is appropriate. Or on the other hand, we think of ourselves as so entirely insignificant that no worship within our power can seem worth His notice. Then again there is the very "modern-minded" person who thinks of God in terms of his own personality (though he resents being told so); he argues that the very idea of worship smacks of slavery and imperialism and what not, and God could not possibly wish us to treat Him like a "medieval Sultan or Emperor". All these arguments are plausible to one type of mind or another, and inquiring spirits are carried away by them - and yet worship of God is an idea that is ingrained in the human heart, and, do what we will, or argue as we will, we can never altogether get away from it.

A few weeks ago, we spoke of God, how true He is, how good, how careful of the needs of His creation; and the week after, we spoke of the love that is due to Him. Of course if He is so good and bountiful we must love Him. It is our plain duty, and it should be also our delight. To love Him should be the deep and full satisfaction of our souls. And what is love? Love means giving. Many people carelessly use the word as though it meant desiring and seeking something for our enjoyment. They say, "I love music". What they mean is "I enjoy hearing music". Well, are we to say that there is anything wrong in enjoying music? By no means. Let us now take a cruder example. The mango season is coming on. Most of us enjoy eating mangoes. They are a pleasant and wholesome fruit. Yet, we blame the person who eats them to excess. He has the wrong sort of love. It is properly called greed, the desire to get as much selfish enjoyment out of a thing as we possibly can. The same is true of music, or of anything else that we say we love in this world. We may love it in the sense of desiring to get as much of it as we can, in the sense of greed, and we may love it in such a way that by enjoying it our cares are eased, our temper is lightened, we become more friendly, more sociable to family and friends, in a word we come nearer to God. Is this rather ridiculous when applied to such things as daily food? But did not God make even the stomach? St. Paul said: "Whether ye eat or drink or whatever ye do, do all to the glory of God". He is quite right. By using God's gifts in the way that He meant them to be used, with temperate enjoyment and a thankful heart towards Him, we do give Him glory and worship. ◎

മുഖമൊഴി

കൊറോണയുടെ പുകപടലം

ഒരു കനത്ത പുകപടലം ഉയർത്തിവിട്ടുകൊണ്ട് കൊറോണ ലോകത്തെ മുൾമുനയിൽ നിർത്തിയിട്ട് ആറു മാസത്തോളം ആയിരിക്കുന്നു. ഇന്നും കുരുടൻ ആനയെ കണ്ടതുപോലെയാണ് നാം കൊറോണയെ കാണുന്നത്! ഇതു സംബന്ധിച്ച്, അടിസ്ഥാനരഹിതമായ പ്രസ്താവനകൾ പോലും വളരെ "ആധികാരികമായി" സമൂഹമാദ്ധ്യമങ്ങളിൽ പ്രചരിച്ചുകൊണ്ടിരിക്കുകയാണ്. കൊറോണ സമസ്തലോകത്തെയും വിറകൊള്ളിച്ചുകൊണ്ടിരിക്കുമ്പോൾ ചെറുചൂടുവെള്ളത്തിൽ നാരങ്ങാനീരും ഇഞ്ചിയും തേനും ചേർത്തു കഴിച്ചാൽ മതി, നമ്മുടെ നാടൻ ചായ കുടിച്ചാൽ മതി എന്നൊക്കെ ഉടമസ്ഥനില്ലാത്ത ഉപദേശങ്ങൾ കാറ്റിൽ പറന്നു വരുന്നു. അപ്പുറത്ത് ഇതൊന്നും ഗൗനിക്കാതെ കൊറോണ താണ്ഡവനൃത്തം തുടരുകയും ചെയ്യുന്നു. കൊറോണ പടരുന്നതെങ്ങനെയെന്നുപോലും വ്യക്തമായി നമുക്കറിയില്ല! മരുന്നും ശരിയായിട്ടില്ല!! ഇപ്പോഴിത്, വൈറസല്ല, ബാക്ടീരിയ ആണെന്ന് ഇറ്റലിക്കാർ പറയുന്നു. ഇനിയും ഇതുപോലെ പലതും വരും...

കൊറോണയുടെ ജാതകമാണ് ഇപ്പോഴും പ്രശ്നം... ജനനം ചൈനയിൽ ആണെന്ന് ഏറെക്കുറെ തീർപ്പായി... ആരും കാണാതെ അമേരിക്കക്കാർ ചൈനയിൽ കൊണ്ടുപോയി വെച്ചതാണെന്ന് നിഷ്ക്കളങ്കരായ ചൈനക്കാർ പറഞ്ഞുനോക്കിയെങ്കിലും അമേരിക്കയിൽ ഈ രോഗത്താൽ വിറങ്ങലിച്ചുനിൽക്കുന്ന ലക്ഷങ്ങളുടെ കണ്ണുനീർ ആ വാദത്തെ നനച്ചുകളഞ്ഞു. അടുത്ത പ്രശ്നം കൊറോണ മനുഷ്യനിർമ്മിതമാണോ എന്നതാണ്. ആണെന്നൊരു കൂട്ടർ; ദൈവശിക്ഷയാണെന്ന് മറ്റൊരു കൂട്ടർ! ഇങ്ങനെ പ്രശ്നം കൊടുമ്പിരിക്കൊള്ളുമ്പോൾ ആലുവാ ഫെലോഷിപ്പ് ഹൗസിലുള്ള ചാക്കോ ഹോംസ് എന്ന സീനിയർ സിറ്റിസൻസ് ഹോമിലെ പ്രബുദ്ധരായ താമസക്കാർക്ക് ഇക്കാര്യത്തിൽ അവരുടെ അഭിപ്രായം രേഖപ്പെടുത്താൻ ഒരവസരം കൊടുത്തു. വളരെ നല്ല പ്രതികരണമാണ് ലഭിച്ചത്. അവരുടെ അഭിപ്രായങ്ങൾ ഈ ലക്കത്തിൽ കൊടുത്തിരിക്കുന്നു.

കൊറോണ ബാധിക്കാത്ത ഭാഗ്യവാന്മാർ തങ്ങളുടെ പഠനവും കൂട്ടിക്കിഴിക്കലുമായി കഴിയുമ്പോൾ, ഒരു നിമിഷം, കൊറോണ ബാധിച്ച ഹതഭാഗ്യരെ ഓർത്തുപോവുകയാണ്. അവർക്ക് കൊറോണ എങ്ങനെ ഉണ്ടായി എന്നതല്ല, ഇതിൽനിന്ന് എങ്ങനെ രക്ഷപ്പെടും എന്നതാണ് അടിയന്തിരപ്രശ്നം! അതെപ്പോഴും അങ്ങനെയാണ് – ഒരുവശത്ത് കരയ്ക്കിരുന്നു കപ്പലോടിക്കുന്നവരും കലക്കവെള്ളത്തിൽ മീൻ പിടിക്കുന്നവരും തകർത്താടുന്നു; മറുവശത്ത് നിർഭാഗ്യത്തിന്റെ ഇരകൾ തകർന്നടിയുന്നു! പലപ്പോഴും രോഗമില്ലാത്തവർ രോഗം ബാധിച്ചവരെ സഹായിക്കുന്നതിനു പകരം പല കാരണങ്ങൾ പറഞ്ഞ് കുറ്റപ്പെടുത്തുന്നതു കാണുമ്പോൾ സങ്കടം തോന്നും. ഏതു ദുരിതവും അവനവനെ ബാധിക്കാത്തിടത്തോളം കാലം പൊതുതത്വങ്ങൾ നിരത്തിയും മാദ്ധ്യമവിചാരണ നടത്തിയും നമുക്ക് ആഘോഷിക്കാം!

ഇനി, കാലികപ്രാധാന്യമുള്ള മറ്റൊരു വാർത്തയിലേക്ക്: അടുത്തയിടെ ഒരു പെൺകുട്ടി കൊല്ലപ്പെട്ടു; മരിച്ച രീതിയാണ് ഭയാനകം! ഒരു മനുഷ്യമൃഗം വളരെ കൃത്യതയോടെ അണലിയെയും കരിമൂർഖനെയും ഉപയോഗിച്ച് ഭാര്യയുടെ ജീവനെടുത്തു. തന്നെ വിശ്വസിച്ച് കൂടെ ഇറങ്ങിത്തിരിച്ച ഒരു സ്ത്രീയെ ഈ രീതിയിൽ വകവരുത്തിയ പിശാചിന് 'ഭർത്താവ്' എന്നല്ല 'മനുഷ്യൻ' എന്ന പേരിനു പോലും അർഹതയില്ല. അൽപം ശാരീരികവൈകല്യമുള്ള ആ പെൺകുട്ടിയുടെ ദൈന്യതയും യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി തക്ക സമയത്ത് വേണ്ടതു ചെയ്യുവാൻ കഴിയാതെ പോയ ബന്ധുജനങ്ങളുടെ വിവരക്കേടും അതിശയിപ്പിക്കുന്നു. ഇത് വിവാഹമെന്ന ആചാരത്തെക്കുറിച്ചും സ്ത്രീധനമെന്ന സമസ്യയെക്കുറിച്ചും ഒരു പുനർവായന നടത്താൻ നമ്മെ പ്രേരിപ്പിക്കേണ്ടതാണ്.

'ലൗ മാര്യേജ്' എന്നു കേൾക്കുമ്പോൾ സ്നേഹം വിവാഹത്തിനു മുൻപുമാത്രമോ എന്നു സംശയം വരാം!

ആ സ്നേഹം വിവാഹാനന്തരം നിലനിർത്തുവാൻ എത്രപേർക്ക് കഴിയുന്നു എന്നത് ചിന്തനീയമാണ്. ജീവിത യാഥാർത്ഥ്യങ്ങളുടെ മുന്നിൽ സ്നേഹം സ്വാർത്ഥതയ്ക്കു വഴിമാറുന്നതായും, 'വേണ്ടിയിരുന്നില്ല' എന്ന തോന്നൽ പ്രബലപ്പെടുന്നതായും കാണാറുണ്ട്. അപ്പോഴേക്കും ബന്ധുജനങ്ങളെല്ലാം കൃത്യാന്തരബാഹുല്യത്താൽ അകന്നുകഴിഞ്ഞിരിക്കും. 'ആരുമില്ല' എന്ന തോന്നലും ശക്തിപ്പെട്ടുവരും. ജീവിതം വഴിമുട്ടുമ്പോൾ, 'ജീവപര്യന്തം തടവിലോ' കേവലം ഒരു 'പത്രവാർത്ത'യിലോ അത് അവസാനിക്കും! വിപ്ലവം ഊതിക്കത്തിച്ച മിശ്രവിവാഹങ്ങളുടെ ബാക്കിപത്രവും വിഭിന്നമല്ല.

'അറേഞ്ച്ഡ് മാര്യേജി'ൽ അറേഞ്ചു ചെയ്യപ്പെടുന്നത് പ്രധാനമായും കൊടുക്കൽ വാങ്ങലുകളാണ്. ഒരു തരം... രണ്ടുതരം... മൂന്നുതരം! വേറെ ബന്ധങ്ങൾ പുലർത്തുന്നവർ പോലും അതു മറച്ചുവെച്ച് സമൂഹത്തിനു മുന്നിൽ പിടിച്ചുനിൽക്കാൻ ഇത്തരം വിവാഹങ്ങളിൽ ഏർപ്പെടാറുണ്ട്!... അൽപ്പമെങ്കിലും ആത്മാർത്ഥതയുള്ളവരുടെ മുന്നിലെ ചതിക്കുഴികളാണ് ഇവിടെ തെളിഞ്ഞുവരുന്നത്. 'സ്ത്രീധനം പാടില്ല' എന്ന നിയമം 'പുകവലി പാടില്ല' എന്ന ഉഗ്രശാസനം പോലെതന്നെയാണ്. എന്നാലും വിവാഹക്കമ്പോളത്തിൽ സ്ത്രീധനം തന്നെയാണ് പ്രധാനം! പുതിയ തലമുറയ്ക്ക് അടിസ്ഥാനം ഇടാൻ മാതാപിതാക്കളും ബന്ധുജനങ്ങളും ഒരു കൈത്താങ്ങൽ കൊടുക്കുന്നത് നല്ലതാണ്. എന്നാൽ അതൊന്നുമില്ലാത്തവരും ജീവിക്കുന്നു എന്ന യാഥാർത്ഥ്യം നാം കണ്ടില്ലെന്നു നടിക്കേണ്ടതില്ല.

സാധാരണ ഒരു ഹൗസിങ് ലോൺ എടുക്കുമ്പോൾ ഘട്ടം ഘട്ടമായി പണം കൊടുക്കുന്നതുപോലെ, ജീവിതം പുരോഗമിക്കുന്നതനുസരിച്ച് സഹായം നൽകുന്ന സമ്പ്രദായം നിലവിൽ വന്നാൽ പെൺകുട്ടിയുടെ ജീവിതം കുറേക്കൂടെ സുരക്ഷിതമായേക്കാം; പക്ഷേ അവളുടെ വീട്ടുകാർ അതു മുതലെടുക്കാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. പലപ്പോഴും മുടക്കാവുന്ന തുകയുടെ ബലഹീനതയിൽ തങ്ങളെക്കാൾ താണനിലയിലുള്ള വരന്മാരെ സ്വീകരിക്കേണ്ടി വരുന്ന സ്ത്രീകൾക്ക് പ്രശ്നങ്ങളുണ്ടാകാം; വലിയ പുളിങ്കൊമ്പിൽ കയറിപ്പിടിക്കുന്നവർക്കും അപമാനവും അത്യാഹിതങ്ങളുമുണ്ടാകാം. ഇതിനൊരു പൊതുനിയമമില്ല.

എങ്ങനെയെങ്കിലും പെൺകുട്ടികളെ എത്രയും വേഗം കെട്ടിച്ചയക്കണമെന്ന (സദുദ്ദേശത്തോടെയുള്ള) ദുർവാശിയിൽനിന്നും മാതാപിതാക്കൾ മുക്തരാകേണ്ടിയിരിക്കുന്നു. അതുപോലെ വീട്ടിൽ അറിയിക്കാതെ സാഹസത്തിനു മുതിരുന്ന പെൺകുട്ടികളും ആ സംസ്കാരത്തിൽ നിന്നു പുറത്തുവരേണ്ടിയിരിക്കുന്നു. ആരും ആരെയും ആശ്രയിക്കണമെന്നോ സ്വന്തം വ്യക്തിത്വം ആർക്കും അടിയറ വെക്കണമെന്നോ അല്ല ഉദ്ദേശിക്കുന്നത്. ഒരു നല്ല കുടുംബജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളൊഴികെ എല്ലാം എല്ലാവർക്കും അറിയാം - കൊറോണയ്ക്കു നാരങ്ങാവെള്ളം കുടിക്കുന്നതുപോലെ!

മനുഷ്യനിർമ്മിതമായ വിവാഹങ്ങൾ ദൈവസാന്നിദ്ധ്യത്തിലാണ് പവിത്രീകരിക്കപ്പെടുന്നത്. കൊറോണയും ദൈവത്തിന്റെ ഇടപെടൽ അർഹിക്കുന്നു. വ്യക്തമായും കോവിഡ്-19 എന്ന മഹാമാരിക്കു കാരണമായ കൊറോണ വൈറസ് മനുഷ്യ നിർമ്മിതമാണ്. അതു ലോകം മുഴുവൻ വ്യാപിച്ച് മനുഷ്യരെ കൊന്നൊടുക്കുമ്പോൾ "ദൈവശിക്ഷ" യാണെന്നു പറഞ്ഞ് ദൈവത്തെ അപമാനിക്കുന്നത് മനുഷ്യന്റെ കഴിവുകേടും ഒഴികഴിവും മാത്രമാണ്. ദൈവം ആരെ, എന്തിനു ശിക്ഷിക്കുന്നു എന്നാണ് പറയേണ്ടത്? 185 രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന രോഗബാധിതർ ചെയ്ത കുറ്റമെന്താണ്? പ്രകൃതിയെ നശിപ്പിച്ച് മനുഷ്യജീവിതത്തിന്റെ സന്തുലിതാവസ്ഥ തകർത്ത മനുഷ്യാധമന്മാരല്ലല്ലോ ഈ ശിക്ഷ അനുഭവിക്കുന്നത്!


കൊറോണ എന്ന സാങ്കൽപ്പിക ഡ്രാഗൺ വായ് പിളർന്നുവരുമ്പോൾ നിരായുധരായ നാം ദൈവത്തിന്റെ ഇടപെടലിനുവേണ്ടി പ്രാർത്ഥിക്കുന്നത് മനസ്സിലാക്കാം. പഴയനിയമകാലത്ത് ഒരു കിഴക്കൻ കാറ്റിൽ മിസ്രയീമിലേക്കു കടന്നുവന്ന വെട്ടുക്കിളികളെ മോശയുടെ പ്രാർത്ഥനയാൽ ഒരു പടിഞ്ഞാറൻ കാറ്റുകൊണ്ട് ചെങ്കടലിലിട്ട് ബാധ ഒഴിവാക്കിയ ദൈവം ഈ വരുന്ന മൺസൂൺ മഴയിലൂടെ കൊറോണയിൽനിന്ന് ലോകത്തെ രക്ഷിപ്പാൻ, "തൽക്കാലം രക്ഷപ്പെട്ടിരിക്കുന്ന" നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം. ദൈവിക ഇടപെടലിന്റെ സൂര്യകിരണങ്ങൾ കൊറോണയുടെ പുകപടലം മാറ്റി മനുഷ്യജീവിതത്തെ പ്രകാശപൂർണ്ണമാക്കട്ടെ. ◎

Corona:
Man-Made Disaster or God's Punishment?

OUTLOOK

Articles from the residents of "Chacko Homes", the Senior Citizens' Home in the Alwaye Fellowship House

Dr. ROY VERGHESE



It is generally held that the Corona virus originated in the meat markets of Wuhan and it spread to humans from the meat of bats.

There is also strong evidence that the virus was supplied to the Chinese from the laboratories in U.S.A. for experimental purposes, and that the U.S. has funded the labs in China to conduct some studies. The French are also believed to be involved in these studies. The Chinese are reported to have a secret laboratory to study all kinds of viruses and organisms like anthrax and small pox, to use them as weapons of mass destruction.

The Trump administration blames the Chinese for manipulating the virus and creating a new one which is highly potent and infectious, and releasing it deliberately to infect the U.S. and other nations, in order to gain world dominance economically and militarily. Based on this thinking, certain states in the U.S. are bringing class action in the international courts to claim trillions of dollars. **The point is, if the U.S. had definite evidence, why did they not produce it openly?**

Is it possible that a nation will deliberately infect other nations? The morality of nations has worsened so badly that it is possible. Each nation thinks only about how it can profit from any situation.

Man destroyed many beautiful things that God created. When created, the world was perfect. The skies were blue, the waters crystal clear. There was no atmospheric pollution. The seasons changed on time. Into this environment God created man and placed him with the instruction to till the earth and to take

care of it. The earth was to sustain all the creatures God had made. All this was to function under the authority and plan of God.

However, man disobeyed God and declared independence from Him. In seven generations from Adam, there were murders, total chaos and anarchy. Seeing the wickedness of man, God regretted that He made human beings on earth, and His heart was troubled. The Lord said, "I will wipe from the face of the earth the human race I have created, ... for I regret that I have made them." (Genesis 6:5-8)

When things went out of hand, God stepped in. God has a plan for his creation. He will not allow man to sabotage it. When things seem to go out of control, God is still in perfect control.

What is happening to our world today? – murder, rape, homosexuality, abortions. Animals are produced by cloning; will it be humans next?

Where is God in all these things? People have tried to sideline God and legally outlaw Him in countries like America. I believe no man can dethrone God; no one can thwart His plans.

No one cared about the pollution and destruction of our environment; summit meetings have been of no avail. **I believe God in His love for His creation allowed the Corona virus into our world.** This has created untold misery all around. However, look at the benefits too. Our air is clean, and waters clear. Carbon emission has reduced. Melting of the polar ice has come down. The hole in the ozone layer is reducing. Our planet is becoming livable again.

There is a cost when we sin which is what we are facing as the Corona virus pandemic. God is love, and therefore will He do this? The Bible says God does not hesitate to act if we provoke Him beyond the limits He has kept. The Israelites learned this lesson again and again. Hope we too will quickly learn the lesson that this pandemic and all the misery it caused are because of man's greed, and God allowing it to happen.


I would like to close with these four questions:

1. Does God have the power and right to interfere and control the affairs of our world? *He can and He does.*
2. Has God abdicated His position as creator and sustainer of our world? *He is in absolute control.*
3. Does He care about what happens in our world? *Without doubt, He does.*
4. Will God allow any power on earth or heaven to interfere or change His plan for His universe? *No way.*

That being so, the plans He has for the final moments of our world will have to happen exactly as He has planned. Nothing that happens here can change the time table He has set.

Therefore I believe that He has permitted this pandemic to happen. I don't believe that He was the originator; man was. The word of God says that in everything God works for the good of those who love Him and are called according to His purpose. This too was allowed with a purpose and even this He will turn for our good.

Capt. T.A. KUNJIPALU





After going through many authentic articles by eminent doctors and famous scientists, and discussion with learned friends, **I have come to a firm conclusion that this virus is not man-made nor is it God's punishment, but that it is of natural origin.** The story behind the virus started in November, 2019, in the city of Wuhan where China has a big biology research laboratory. This laboratory houses the largest virus strain bank in Asia, which preserves more than 1,500 samples of the Corona virus.

The disease Covid–19 started in Wuhan in November, 2019, and till December, 2019, the Chinese did not inform the World Health Organization or the outside world of the disease or of the destructive power of the virus. When the world came to know of it, the President of the U.S.A. accused China of concealing the information with the intention of using it to make a bio-weapon of massive destruction. The President could have been taking advantage of the situation, in the context of the oncoming elections in the U.S, just as what former President George Bush (Jr.) did in an election year, when he accused President Saddam Hussein of Iraq, of possessing weapons of mass destruction. However, according to the W.H.O, there is no evidence yet to support the view of the U.S. President; the theory of a man-made disaster is only speculative.

The Corona virus is thought to have spread from bats to humans. According to the top epidemiologist, Anthony Fauci of U.S.A, the virus in bats and the virus in Covid-19 in man, are very similar – 96% identical. He states in the National Geographic Magazine: "If you look at the evolution of the virus in bats and the scientific evidences, it is very strongly leaning towards the conclusion that this could not have been artificially or deliberately manipulated. Everything about the stepwise evolution strongly indicates that the virus evolved in nature and then jumped from animal to man."

The researchers are still trying to find the origin of the virus. Till they succeed, it will be difficult to make a vaccine to eradicate this invisible, invincible virus, and to make life on earth peaceful.

Protect others from getting sick

When coughing and sneezing cover mouth and nose with flexed elbow or tissue





Throw tissue into closed bin immediately after use


Clean hands with alcohol-based hand rub or soap and water after coughing or sneezing and when caring for the sick





P.K. VALSAN





I do not believe that Covid–19 is a punishment from God. In olden days, when invisible organisms causing infectious diseases like plague, small pox and cholera inflicted and killed ignorant people, they were made to believe that the deaths and misery were the result of the work of evil spirits and the wrath of gods. Modern man, enlightened as he claims, seems to have inherited the same line of thought, in believing that Covid–19 is God's punishment.

Today, people all over the world are having a tough time, experiencing lock downs and quarantines. Of these, the majority are poor people living in slums and huts. Multitudes of them are daily waged low income groups like migrant labourers, factory workers, petty shop owners, farmers and fisher men. They will be put to extreme poverty. That means, it is the poor that will be worst affected. The rich, though affected, can overcome this, without much problem. According to a World Bank study, approximately 49 million people will be pushed into extreme poverty in the year 2020. Thus, if it is God's punishment, the rich will be let free, and the poor will be hit hard. Do you think our God will take such a partisan stand, when we all believe that God is Love and kind? Impossible. **Do you believe that it is the plan of our loving God, to spare the rich and punish the poor, for a crime they have not committed, like polluting the air and water, and destroying the ozone layer? No, never.**

We have experienced a number of endemics and natural disasters like floods, tsunami, hurricanes, landslides and droughts, sowing death and misery. Tsunami first devastates the fisher folk living on the seashore. Hurricanes wipe off the frail huts of the poor. Landslides bury the helpless farmers living in the hill slopes and valleys. Drought destroys vast areas of cultivation. The affected poor find no way out of these mishaps, and often resort to suicide. To attribute these disasters to a divine design, is nothing short of scandal and blasphemy.

Would you call it God's punishment, when you or your dear ones get injured in an accident or fall sick? As we grow old we tend to contract diseases like hypertension, diabetes, arthritis or even cancer. Many of these are the result of natural processes, engrained in our DNA, inherited from our parents, or influenced by our lifestyle and food habits.

Many diseases are caused by bacteria, virus, microbes, fungi, etc. These micro-organisms were the first to come to the earth, some 4.5 billion years ago, much before the humans appeared on the earth, just 1.5 lakh years ago. In fact, the first billion years is called the 'era of bacteria.' All the living things in this planet were

fighting with the diseases caused by these organisms, off and on, throughout their existence.

During these days of the epidemic and lock down we cannot worship in our churches; is it the will of God that keeps us away? If you believe it is, then why go after vaccines, medicines and treatment – to fight against His will?

We often talk about God's punishment during the Old Testament times. It must be understood that all these punishments were *specific* – against atrocities committed against the chosen people of God, that too, after warning them. Yes, **God did surgical strikes against those criminals, not carpet bombing the entire earth.**


When Christopher Columbus set foot on America in the year 1492, the native American Indians numbered 5-15 million. To gain supremacy over them, the European settlers unleashed atrocities on them, like viruses of infectious diseases. As a result 90% of the natives died over a period of 100 years. Now, they constitute only a mere 1% of the American population, and the criminals have complete supremacy over them and perhaps the entire world. Was it the plan of God to punish the Indians, using the virus and the Europeans as agents in this unpardonable crime? By the way, America is the only country in the world that has "In God We Trust" printed on their currency; what a shameful contradiction!

In conclusion, we must not blame God for all the endemics and disasters, and thus bestow a satanic trait on Him. **Diseases are neither a crime nor a punishment.**

God does not push us into the pit of Covid; He lifts us out of it. Therefore let us pray with a humble heart, "Lord save us from Corona and Covid."

RAPHAEL K. MATHEW





At the outset, let me submit to you that the Corona pandemic is a man-made disaster and not a punishment by God. **The God I believe in is a God of love, compassion and forgiveness, and He cannot destroy His own creation He loves so much.**

The Corona pandemic started in China and many believe that China is responsible for this disaster. The U.S. president Mr. Trump is one of the first persons to accuse China of wrongdoing and hiding the ill effects of the disease from the world. Being the head of the most powerful nation he will not make a statement without proper proof. It is the U.S. secret agencies who have provided the proof to support his statement. There is another agency set up by U.S.,U.K., New Zealand, Australia and Canada in 1941, known as 'The Five Eyes' (FVEY). They investigate all the important happenings

in the world and submit their report. They have in their 15–page report mentioned that the virology lab. in Wuhan in China has claimed the discovery of a new virus in November, 2015.

The Corona virus in the present form was developed over the years and they announced it in December, 2019. During its development some accident took place in the lab. and the virus got out to the open spaces. The virology lab. was shut for about 20 days during this time and this is proof to the mishap in the lab. The scientists working in the lab, Dr. Li Wun Liang and coworkers wanted to inform the public about the leakage of the virus and its after effects, but were soon silenced, either killed or sent to concentration camps. A lady lost her husband on December 17 with Pneumonia–like symptoms and she also died a few days later with the same symptoms. By the end of December, 180 people died with similar symptoms. The authorities did not want to reveal to the world the leakage of the virus or the fact that it may spread so fast from human to human. The Chinese were able to control and confine the epidemic to Wuhan, by isolating the city by lock down, and by importing and using good quality personal protective equipment. The epidemic did not spread to even nearby cities like Shanghai and Beijing. None of their top military or political leaders got affected. The Corona viral infection spread to all the major cities in the developed countries so fast because of the presence of a large Chinese population in these cities. The world economy suffered a lot and nose dived except in China, which strengthened the belief that the whole Corona pandemic was initiated by China and they wanted to take advantage of the situation to become the top country in the world pushing the U.S.A. down. The U.S. Seretary of State, Mr.Mike Pompio has also joined the chorus in accusing China of developing the virus, leaking it into the world and hiding the fact that it can spread very fast from human to human. The British P.M. Mr. Boris Johnson is another who supports this theory. The fact that China is not quick to deny these charges against them makes them appear guilty.

Strangely, China recovered very fast from the attack and could prevent the spread to the other cities in China. Today they are ready with products and spares to supply to a starved world so that they can control the world market. The Chinese companies are buying up stakes from around the world. The Chinese Peoples Bank bought 1% stakes in the HDFC Bank before the Government stopped further loss by amending the FDI rules. China is unleashing an economic war and may have plans to indulge in a biological war to displace the U.S. as the most powerful nation in the world.

The world has realised the danger and many nations are falling in after the U.S.A. to retaliate. Japan has asked their businessmen to shut shop in China and get out, and promised compensation for their loss. Many other companies also decided to pull out of China. Apple has already decided to leave China and shift to India. Established legal firms in U.S.A.,U.K. and other developed countries have filed compensation suits in the International Court of Law, which run into trillions of dollars. The Chinese are struggling today to get out of the hole they dug themselves in.

I would like to conclude on a positive

note. In marketing dictum we say, 'Every problem gives you an opportunity'. **Many big businessmen are likely to pull out of China and may look up to my country and my state as an alternative to invest in, because of the huge pool of skilled labour and other resources.** If we can amend our ways a bit and provide an amicable, easy and friendly atmosphere to operate, many more big business houses may follow Apple, and our country can flourish and become a force to reckon with.

LEELA KURUVILLA





To the question, is Covid–19 a man-made disaster or God's punishment, I believe it is God's punishment. The Bible records God punishing people for their sins, through natural disasters. In the Old Testament we read that God rained fire and brim stone upon Sodom and Gomorrah for their depravity, sent venomous snakes to the Israelites when they became impatient and spoke against Him in the desert, and sent plagues upon Egypt and even upon Israel. In the New Testament we see St. Paul admonishing the Corinthians who received the Eucharist while in a state of sin: "That is why many of you are weak and ill, and some have died" (1 Cor. 11:30). St. Luke records how Ananias and Sapphira fell down and died when they behaved dishonestly during the communal collection" (Acts 5:1-11).

In the book "The Great Realization" written by Tomos Roberts, a father reads a story to his little son about how the world had swelled to a place of waste, how people became greedy for money, tall buildings have been coming up, families glued to their private gadgets lost in their own world, selfishly seeking their own comforts and not caring for others.

Is it not the same situation that we have now created for ourselves? We use any means to achieve our ends. We violate all norms of nature and science, amass wealth and grab things that we really do not need, not caring for the needy and the poor. We pollute the air and make it difficult to breathe; we dump waste in our waters to make survival difficult for aquatic beings. For all this, God had to give us a small punishment.

Today, the lock down is a kind of punishment to us. We have to remain indoors, wear masks, sanitize our hands and keep everything clean. There is no lavish spending on marriages and funerals. We have learned to live with the minimum, and above all, we have time for others, family and friends. There are no traffic jams. The air and water are much cleaner, so humans are healthier, and birds and animals happier. We are realizing the worthlessness of the mad race in pursuit of money, position and power. Our mindset has changed to adjust to the new

circumstances and to live without extravagance. Above all, we have come closer to God; we have more time to pray for others, to repent our wrongdoings.

In the story referred to above, the little boy asks his father finally, "Was this virus needed for man to realize the damage he has done to Mother Nature, and to correct his ways?" The father replies, **"Son, sometimes we need to become sick to realize the value of being healthy."**

Even if we feel Covid–19 is God's punishment, we know our God will save us if we realize our mistakes and repent, correct ourselves and live in the company of our Lord. God who saved the people of Nineveh even though He had decided to punish them, will save us also from the Corona virus.

In conclusion, Covid – 19 is not exactly a man-made disaster, nor entirely God's punishment; it is God's intervention to correct our ways and to live in unison with God, our fellow beings and Mother Nature.

രാജി ജോർജ്





കോവിഡ്-19 മനുഷ്യ നിർമ്മിതിയോ അതോ ദൈവത്തിന്റെ ശിക്ഷാനടപടിയോ എന്ന ചോദ്യത്തിന് ചില കണക്കുകൂട്ടലുകൾ നമുക്കു നടത്താം എന്നല്ലാതെ വ്യക്തമായ തെളിവുകളുടെ അഭാവത്തിൽ ഒന്നും ഉറപ്പിച്ചു പറയാൻ സാധ്യമല്ല. ചൈനയിലെ വുഹാൻ മാർക്കറ്റിൽ നിന്നാണ് ഇത് വ്യാപിച്ചത് എന്നാണ് പറയപ്പെടുന്നത്. അവർ എല്ലാ ജീവികളെയും പിടിച്ചു തിന്നുന്നവരാണ്. അതിൽ ഒരുപക്ഷെ ഈ വൈറസ് ബാധയുള്ള ഏതെങ്കിലും ജീവി ഉണ്ടായിരുന്നിരിക്കാം. അല്ലെങ്കിൽ ജൈവായുധമായി ഉണ്ടാക്കിയ ഏതെങ്കിലും ലാബിൽ നിന്നും അബദ്ധവശാൽ പുറത്തുപോയതാകാം എന്നും പറയപ്പെടുന്നു. ഒട്ടുമിക്ക രാജ്യങ്ങളും ജൈവായുധം കരുതിവച്ചിട്ടുണ്ട് എന്നുള്ളത് പരസ്യമായ രഹസ്യമാണ്. മനുഷ്യ നിർമ്മിതമല്ലെങ്കിൽ ഇത്ര പെട്ടെന്ന് മ്യൂട്ടേഷൻ സംഭവിക്കില്ല എന്നാണ് ശാസ്ത്രം പറയുന്നത്.

ദൈവം ഇങ്ങനെ ഒരു വൈറസിനെ പടച്ചുവിടുമെന്ന് തോന്നുന്നില്ല. പക്ഷെ ദൈവം അറിയാതെ ഒന്നും സംഭവിക്കില്ല. "ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്തു ഒളിപ്പാൻ കഴിയുമോ? ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ എന്നു യഹോവയുടെ അരുളപ്പാട്" (യിരമ്യാവ് 23:24).


ഞാൻ ഒരു പ്ലേ സ്കൂൾ നടത്തിയിരുന്നു. ദത്തെടുത്തു വളർത്തുന്ന ഒരു കുട്ടിയെ അവിടെ ചേർക്കാൻ കൊണ്ടുവന്നു. പല കാരണങ്ങൾകൊണ്ട് ആ കുട്ടിയെ ശിക്ഷണത്തിൽ വളർത്താൻ അവർക്കു സാധിച്ചിരുന്നില്ല. അവർ എന്നോടു പറഞ്ഞത്, ഇവിടെ അവന്റെ തരക്കാരുടെ അടുത്തുനിന്നു അടിയും ഇടിയും കിട്ടുമ്പോൾ അവൻ മര്യാദ പഠിക്കും എന്നായിരുന്നു. അവർക്കു ആ കുട്ടിയോടു സ്നേഹമില്ലാഞ്ഞിട്ടല്ല, എങ്ങിനെയെങ്കിലും നന്നാക്കിക്കൊണ്ടുവരണമെന്നുള്ള ആഗ്രഹം കൊണ്ടാണ് ഇങ്ങനെ പറഞ്ഞത്.


"നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവായുടെ ദയ ആകുന്നു" (വിലാപങ്ങൾ 3:22). "യഹോവേ, മനുഷ്യനു തന്റെ

വഴിയും നടക്കുന്നവനു തന്റെ കാലടികളെ നേരെ ആക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു" (യിരെമ്യാവ് 10:23). ദൈവത്തെ മാറ്റി നിറുത്തിയാൽ മനുഷ്യൻ ഒന്നുമല്ല. പരിജ്ഞാനം ഇല്ലായ്കയാൽ എന്റെ ജനം നശിക്കുന്നു എന്നാണ് തിരുവചനം പറയുന്നത്. എന്നിട്ടാണ് നാം ഇത്ര അഹങ്കരിക്കുന്നത്. മൃഗങ്ങൾ പോലും നാണിക്കുന്ന വഷളത്തമാണ് നാം പ്രവർത്തിക്കുന്നത്. ദൈവത്തെക്കൂടാതെ മനുഷ്യൻ എത്ര നിസ്സാരനും നിസ്സഹായനുമാണ് എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നതിനായിരിക്കും ദൈവം ഇത് അനുവദിക്കുന്നത്. ഇടയ്ക്ക് ഒരു കൊട്ട് കിട്ടേണ്ടത് ആവശ്യമല്ലേ? സാധാരണ മൈക്രോസ്കോപ്പിൽ പോലും കാണാൻ കഴിയാത്ത ഈ വൈറസിനെ പേടിച്ച് ലോകരാഷ്ട്രങ്ങൾ പരതി നടക്കുകയാണ്, ഒളിത്താവളം അന്വേഷിച്ച്. ദൈവത്തിന് ഒന്നും അസാധ്യമല്ല. ഒരു നിമിഷം മതി ദൈവത്തിനു ഇതു പൂർണ്ണമായി തുടച്ചു നീക്കാൻ. **ദൈവം അത്ഭുതം പ്രവർത്തിക്കണമെന്നു പ്രാർത്ഥിക്കുമ്പോഴും നമ്മുടെ ഭാഗത്തുനിന്നു ചെയ്യാനുള്ളത് ചെയ്യാൻ നാം തയ്യാറാണോ?**

ഈ മഹാമാരിയുടെ കാലത്തും ദൈവം എത്ര നന്മയുടെ പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഓസോൺ പാളികളിൽ ഉണ്ടായ എത്രമാത്രം വിള്ളലുകളാണ് ഈ ലോക്ക്ഡൗൺ കാലത്ത് സ്വാഭാവികമായി അടഞ്ഞത്! നാം എത്ര ശ്രമിച്ചാലും ഇതു സാധ്യമാണോ? അന്തരീക്ഷ മലിനീകരണം എത്രകണ്ടു കുറഞ്ഞു, നദികളും ജലാശയങ്ങളും എത്ര ശുദ്ധമായി! ഇതെല്ലാം നിലനിർത്താൻ ഓരോ പൗരനും ശ്രമിക്കേണ്ടത് ആവശ്യമല്ലേ എന്ന് ഒരു ആത്മ പരിശോധന നടത്തുന്നതു നല്ലതായിരിക്കും. ഹോശേയ 6-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതുപോലെ **"വരുവിൻ നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക. അവൻ നമ്മെ കടിച്ചു കീറിയിരിക്കുന്നു; അവൻ സൗഖ്യമാക്കും; അവൻ നമ്മെ അടിച്ചിരിക്കുന്നു; അവൻ മുറിവു കെട്ടും. രണ്ടു ദിവസം കഴിഞ്ഞിട്ട് അവൻ നമ്മെ ജീവിപ്പിക്കും; മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേല്പിക്കും. നാം അവന്റെ മുമ്പാകെ ജീവിക്കയും ചെയ്യും. നാം അറിഞ്ഞു കൊൾക. യഹോവയെ അറിയാൻ നാം ഉത്സാഹിക്ക."**

ഏബ്രഹാം കാരാമ്മൽ





അദൃശ്യനായ ഒരു വൈറസ് ഭീകരൻ ലോകത്താകെ രോഗവും മരണവും വിതച്ചു കൊണ്ടിരിക്കുകയാണ്! ഇതുണ്ടാക്കുന്ന രോഗം, മരണം, തൊഴിലില്ലായ്മ, ദാരിദ്ര്യം, പട്ടിണി, സാമ്പത്തിക പ്രതിസന്ധി മുതലായി നമുക്ക് അറിയാവുന്നതും അല്ലാത്തതുമായ കഷ്ടനഷ്ടങ്ങൾ ഓർത്ത് ലോകം മുഴുവൻ ഭീതിയിലും അങ്കലാപ്പിലുമാണ്. ഈ സാഹചര്യത്തിൽ മനുഷ്യർ ചോദിച്ചു പോകുന്ന ചോദ്യങ്ങളാണ് ഇതെങ്ങനെ വന്നു, ഇതിന് കാരണവും കാരണക്കാരനും ആര് എന്നൊക്കെ. മനുഷ്യൻ ഉണ്ടാക്കിയതാണ് ഈ മഹാമാരി എന്ന് ചിലർ; ദൈവശിക്ഷയാണിത് എന്ന് വേറെ കുറേ പേർ!

സർവ്വ ചരാചരങ്ങളുടെയും പിന്നിൽ സ്രഷ്ടാവുണ്ട് എന്നാണ് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. അപ്പോൾ കൊറോണ മാത്രമല്ല, ഇനി വരാനിരിക്കുന്ന വൈറസുകളുടേയും സ്രഷ്ടാവ് പ്രപഞ്ച സ്രഷ്ടാവ് തന്നെയായിരിക്കും; ചുരുക്കത്തിൽ അതാണ്

പലരുടെയും വിശ്വാസം. അതേസമയം, ദൈവമോ സ്രഷ്ടാവോ ഇല്ലെന്നും, ഈ പ്രപഞ്ചം തനിയെ ഉണ്ടായെന്നും കുറേപ്പേർ പറയുന്നു; പ്രഗത്ഭരായ ചില ശാസ്ത്രജ്ഞന്മാർ, യുക്തിവാദികൾ, നിരീശ്വരവാദികൾ മുതലായവർ ഇക്കൂട്ടത്തിൽ ഉണ്ട്. അത്യന്തം അത്ഭുതകരമായ ഈ പ്രപഞ്ചം തനിയെ എങ്ങനെയോ ഉണ്ടായി എന്നാണ് അവരുടെ നിഗമനം. വളരെ സജീവമായ പലതരം പ്രവർത്തനങ്ങൾ, മാറ്റങ്ങൾ, രൂപാന്തരങ്ങൾ, ജനന-മരണങ്ങൾ എന്നിവകൊണ്ട് പ്രവർത്തനനിരതമായ ഒരു പ്രപഞ്ചത്തെയാണ് നാം കാണുന്നത്! അത് തനിയെ ഉണ്ടായി എന്നുള്ള വാദം വളരെ ശുഷ്കിച്ചതായി തോന്നുന്നു.

ദൈവത്തെയും സ്രഷ്ടാവിനെയും നാം കാണുന്നില്ലെന്ന് പറയാം. പക്ഷേ ജീവനുള്ളതും ജീവനില്ലാത്തതുമായ അനേകം ചരാചരങ്ങളെ നാം ദിവസവും കാണുന്നു; പൂക്കൾ, ചെടികൾ, പക്ഷികൾ, മൃഗങ്ങൾ, മത്സ്യങ്ങൾ, കീടങ്ങൾ മുതലായവ. അവയുടെ എണ്ണം അനേകായിരം ആണ്! അവയുടെ വൈവിധ്യവും, സൗന്ദര്യവും ഒക്കെ അവർണ്ണനീയം തന്നെ.

"ചന്തമേറിയ പൂവിലും,
ശബളമാം ശലഭത്തിലും,
സന്തതം കരതാരിയന്നൊരു ചിത്ര
ചാതുരി കാട്ടിയും,
ഹന്ത ചാരു കടാക്ഷമാലകളർക്ക
രശ്മിയിൽ നീട്ടിയും,
ചിന്തയാം മണിമന്ദിരത്തിൽ
വിളങ്ങുമീശനെ വാഴ്ത്തുവിൻ!"

എന്ന് മഹാകവി കുമാരനാശാൻ പാടിയത് വെറും അഞ്ച് കാര്യങ്ങളെപ്പറ്റി ആണെങ്കിലും, അത് പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളുന്നതായി തോന്നുന്നു!

ഇനി ജീവജാലങ്ങളുടെ വൈദഗ്ധ്യം കണക്കിലെടുത്താൽ, അതും അനേകവും അത്ഭുതകരവും ആണ്. ചെടികളും വൃക്ഷങ്ങളും ജീവികളും തരുന്ന എണ്ണമറ്റ പഴങ്ങൾ, ഭക്ഷണ പദാർത്ഥങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, പാൽ, തേൻ, പട്ടുനൂൽ ഇവയെല്ലാം മനുഷ്യന് ഉണ്ടാക്കാൻ കഴിയാത്ത അത്ഭുത നിർമ്മിതികളാണ്! കൊതുക്, കുളയട്ട, ചിലതരം ഈച്ചകൾ മുതലായവ നമ്മുടെ തൊലി നിമിഷംകൊണ്ട് മരവിപ്പിച്ചാണ് നാം അറിയാതെ ചോര കുടിക്കുന്നത്. ആനയും പെൻഗ്വിനും മുതൽ തേനീച്ചയും ഉറുമ്പും വരെ അവിശ്വസനീയമായ ചിട്ടയും അച്ചടക്കവും ഉള്ള സമൂഹജീവിതം നയിക്കുന്നു. ഇവയ്ക്കെല്ലാം വംശവർദ്ധനവിനുള്ള കഴിവും സ്വതസിദ്ധമായി ഉണ്ട്! ഈ ജീവജാലങ്ങൾക്കെല്ലാമുള്ള കഴിവുകളുടെയും വൈശിഷ്ട്യങ്ങളുടെയും പിന്നിലെ രൂപകൽപ്പനാവൈഭവത്തിൽ അപാരമായ ബുദ്ധിയുടെ സാന്നിധ്യം ഉണ്ട്.

മുകളിൽ പറഞ്ഞതെല്ലാം പ്രപഞ്ചത്തിന്റെ അതിവിശാലതയിൽ ഒരു പൊടിയുടെ വലിപ്പം മാത്രമുള്ള ഭൂമിയിലെ കാര്യമാണ്; ഭൂമിക്ക് പുറത്തുള്ള പ്രപഞ്ചത്തിന്റെ വലിപ്പവും സങ്കീർണ്ണതയും സാധാരണ ചിന്തയിലും ബുദ്ധിയിലും ഒതുങ്ങുന്നതല്ല! നാം ദിവസവും കാണുന്ന സൂര്യൻ 150 മില്യൻ കിലോമീറ്റർ ദൂരെയാണ്, ഭൂമിയുടെ ഒരു മില്യൻ ഇരട്ടി വലിപ്പവുമുണ്ട്; സൂര്യൻ ആണവോർജ്ജത്തിൽ ജ്വലിക്കാൻ തുടങ്ങിയിട്ട് ഏതാനും ബില്യൻ വർഷങ്ങൾ കഴിഞ്ഞിരിക്കുന്നുവത്രേ! സൂര്യൻ കഴിഞ്ഞാൽ ഭൂമിയോട് ഏറ്റവും അടുത്തുള്ള നക്ഷത്രം ഏതാണ്ട് നാല് പ്രകാശവർഷം അകലെയാണ്! നമ്മുടെ പ്രപഞ്ചം എന്ന വിസ്മയം അതിഭീമമായതുകൊണ്ട് അതിന്റെ വലിപ്പം പറയാൻ കിലോമീറ്റർ വളരെ ചെറുതാണ്. അതുകൊണ്ട്, പ്രകാശം അതിന്റെ സ്ഥിരം വേഗതയായ സെക്കൻഡിൽ മൂന്നുലക്ഷം കിലോമീറ്റർ നിരക്കിൽ ഒരു വർഷംകൊണ്ട് സഞ്ചരിക്കുന്ന ദൂരത്തെ-'പ്രകാശവർഷത്തെ' (Light year)-പ്രപഞ്ചത്തിലെ ദൂരങ്ങൾ അളക്കുവാൻ ഉള്ള പ്രത്യേക അളവു

കോലായി കണക്കാക്കുന്നു. സ്രഷ്ടാവിനെ മനസ്സിലാക്കാനായി സൃഷ്ടിയെ മനസ്സിലാക്കണമല്ലോ എന്നോർത്ത് എഴുതിയതാണ്; രണ്ട് കാര്യങ്ങൾ കൂടി ശ്രദ്ധിക്കാം. നമ്മുടെ സൗരയൂഥം കറങ്ങിക്കൊണ്ടിരിക്കുന്നത് ആകാശഗംഗ അഥവാ Milky Way എന്ന ഭീമാകാരമായ ഒരു ഡിസ്ക് ആകൃതിയുള്ള നക്ഷത്ര വ്യൂഹത്തിനുള്ളിലാണ്. അതിൽ നൂറു ബില്യനിലധികം നക്ഷത്രങ്ങളും ഏതാണ്ട് അത്രയും തന്നെ ഗ്രഹങ്ങളും ഉണ്ടത്രേ! ആകാശഗംഗയുടെ വ്യാസം ഏതാണ്ട് ഒരു ലക്ഷം പ്രകാശവർഷങ്ങൾ ആണ്. ഇതുപോലുള്ള മില്യൺ കണക്ക് നക്ഷത്ര വ്യൂഹങ്ങൾ നമ്മുടെ പ്രപഞ്ചത്തിൽ ഉണ്ട് പോലും!

മുകളിൽ ചുരുക്കി പറഞ്ഞ പ്രപഞ്ചത്തെ, ശക്തിയേറിയ ടെലിസ്കോപ്പുകളും മറ്റുമുപയോഗിച്ച് പഠിച്ചപ്പോൾ, അതിവേഗം ചലിച്ചുകൊണ്ടും രൂപാന്തരപ്പെട്ടുകൊണ്ടും മറ്റും ഇരിക്കുന്ന ഇവയുടെ ഗതിവിഗതികൾക്ക് ഇതുവരെ കാണാൻ പറ്റിയ പ്രപഞ്ചത്തിലെ ദ്രവ്യത്തിന്റെ (Matter) അളവ് അപര്യാപ്തമാണെന്ന് കണ്ടെത്തിയത്രെ; അത് പ്രപഞ്ചത്തിൽ ഉണ്ടായിരിക്കേണ്ട ദ്രവ്യത്തിന്റെ വെറും 5% മാത്രമേ ആകുന്നുള്ളൂപോലും! ബാക്കി 95 ശതമാനവും അദൃശ്യമായ, ഇതുവരെ കണ്ടെത്താത്ത ഏതോ ഇരുണ്ട ദ്രവ്യത്തിലും, അതുണ്ടാക്കുന്ന ഇരുണ്ട ഊർജത്തിലും ആണെന്ന് ശാസ്ത്രജ്ഞന്മാർ കരുതുന്നു. അവർ അദൃശ്യമായ ഈ ശക്തിവിശേഷത്തെ അന്വേഷിക്കുകയാണ്! വെറും 100 വർഷത്തോളം മാത്രം ആയുസ്സുള്ള മനുഷ്യൻ, ലക്ഷക്കണക്കിനും കോടിക്കണക്കിനും വർഷം ആയുസ്സുള്ള ഭൂമി, സൗരയൂഥം, പ്രപഞ്ചം എന്നിവയെയും, അവയുടെ സ്രഷ്ടാവിനെയുംപറ്റി കാര്യമായി മനസ്സിലാക്കിയിട്ടില്ല എന്നും ഒരുപക്ഷേ മനസ്സിലാക്കാൻ കഴിയില്ലെന്നും കരുതേണ്ടിയിരിക്കുന്നു! മനുഷ്യൻ സ്വന്തം ഭാവനയനുസരിച്ച് ദൈവത്തെ കാണുന്നു, വ്യാഖ്യാനിക്കുന്നു; ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്ന് വിശ്വസിക്കുന്നു. സൃഷ്ടിയുടെ ആരംഭം മുതൽ മനുഷ്യൻ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും താൻ സൃഷ്ടികളിൽ വെച്ച് ഏറ്റവും ബുദ്ധിയുള്ള ഉൽകൃഷ്ട ജീവിയാണെന്ന അഹന്തയിൽ ആണ്.

മനുഷ്യൻ മറ്റു മനുഷ്യരെയും, സർവ്വജീവജാലങ്ങളെയും പ്രകൃതിയെയും നിഷ്കരുണം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു! ഈ സന്ദർഭത്തിലാണ് അദൃശ്യനായ കൊറോണ എന്ന ജീവനില്ലാത്ത - വൈറസിന് ജീവനില്ല എന്നാണ് പറയപ്പെടുന്നത് - ഒരു ഭീകരൻ മനുഷ്യന് ഭീഷണിയായി അവതരിച്ചിരിക്കുന്നത്! വെറുമൊരു വൈറസിന് മനുഷ്യരാശിയെ ആകമാനം നശിപ്പിക്കാൻ പറ്റും എന്ന് തോന്നുന്നു! ഈ സന്ദർഭത്തിൽ മലയാളത്തിലെ ഒരു പ്രാർത്ഥനാ ഗാനത്തിലെ ഏതാനും വരികൾ അർത്ഥവത്തായി തോന്നുന്നു:

ഗഗനമെന്തൊരത്ഭുതം,
സമുദ്രമെന്തൊരത്ഭുതം,
അഖില ജീവജാല സൃഷ്ടിയെന്തൊരത്ഭുതം,
സകലതും രചിച്ചതോർക്കിലഖിലനാഥനായ നീ,
സർവ്വശക്ത നിൻപദം നമിച്ചിടുന്നു ഞാൻ വിഭോ!

ഈ കോവിഡ് മഹാമാരിക്കാലത്ത് നമുക്ക് മനസ്സിലാകുന്നതും മനസ്സിലാകാത്തതുമായ സർവ്വസൃഷ്ടികളുടെയും രചയിതാവായ സ്രഷ്ടാവിനോടുള്ള ഭക്ത്യാദരവുകളുടെ സൂചനയായി, മറ്റു മനുഷ്യരെയും, ജീവജാലങ്ങളെയും, പ്രകൃതിയെയും ചൂഷണം ചെയ്യുന്നത് ഒഴിവാക്കിയുള്ള ഒരു ജീവിത ശൈലി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ് എന്ന മുന്നറിയിപ്പായി കോവിഡ് 19-നെ കാണണമെന്നാണ് എന്റെ അഭിപ്രായവും, അഭ്യർത്ഥനയും! അത് 'ലോകാസമസ്താ സുഖിനോഭവന്തു' എന്ന ഭാരതീയ പ്രാർത്ഥന പോലെ സകല ചരാചരങ്ങൾക്കും ഉപകാരമാകും! ◎

ബൈബിൾ ചിന്തകൾ – 92

പ്രൊഫ. എം.വൈ. യോഹന്നാൻ



ആത്മശക്തി

Fulton Oursler, "The Greatest Story Ever Told" എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്: *യേശുക്രിസ്തു ലോകത്തിലേക്ക് വന്നത് ഒന്നും നേടുവാനല്ല, എല്ലാം നൽകാനാണ്* (He came to the world to get nothing but to give everything). ക്രിസ്തു നമുക്ക് തന്ന ഏറ്റവും വലിയ ദാനം തന്നെത്തന്നെയാണ്. **ദൈവത്തിന്റെ മോഹന സൃഷ്ടിയായ മനുഷ്യന് ദൈവം നൽകിയ ഏറ്റവും ഉന്നതമായ, ഏറ്റവും ശ്രേഷ്ഠമായ സമ്മാനമാണ് യേശുക്രിസ്തു.**

യേശുക്രിസ്തു തന്റെ പ്രിയ ശിഷ്യന്മാരെ ഒരുമിച്ചിരുത്തി അവരോട് സംസാരിച്ചത് വിശുദ്ധ യോഹന്നാന്റെ സുവിശേഷം 14,15,16 അദ്ധ്യായങ്ങളിൽ കാണാം. ക്രിസ്തു അന്നു നൽകിയ വാഗ്ദത്തം: *"ഞാൻ പോയാൽ അവനെ (പരിശുദ്ധാത്മാവിനെ) നിങ്ങളുടെ അടുക്കൽ അയയ്ക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും."*

പെന്തക്കൊസ്തി പെരുന്നാൾ, കാത്തിരുന്ന ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് പകർന്നതിനെ അനുസ്മരിക്കുന്നതാണ്. പരിശുദ്ധാത്മാവിനെ പകർന്നു ലഭിക്കണമെങ്കിൽ നാം നമ്മെത്തന്നെ ഒരുക്കണം; പരിശുദ്ധാത്മാവിനായി ദാഹിക്കണം; കാത്തിരിക്കണം; പ്രാർത്ഥിക്കണം; നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കണം. വിശുദ്ധി ഉള്ളിടത്തേ പരിശുദ്ധാത്മാവ് പറന്നിറങ്ങുകയുള്ളൂ. പരിശുദ്ധാത്മാവ് നമ്മിൽ ആവസിക്കുവാൻ നാം ആഗ്രഹിക്കുന്നു എങ്കിൽ ജീവിതത്തിലെ തിന്മകൾ കണ്ടെത്തി ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുകയും ഒരു പുതിയ മനുഷ്യനായി തീരുവാൻ തീരുമാനിക്കുകയും ചെയ്യണം.

പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവാണ്. ശക്തിയുടെ ആത്മാവാണ്. സ്നേഹത്തിന്റെ, ധൈര്യത്തിന്റെ, സമാധാനത്തിന്റെ, ഐക്യത്തിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവ് ജീവന്റെ ആത്മാവാണ്. കൃപയുടെയും സുബോധത്തിന്റെയും ആത്മാവാണ്.

പരിശുദ്ധാത്മാവ് ഭീരുത്വത്തിന്റെ ആത്മാവല്ല. അശുദ്ധിയുടെ ആത്മാവല്ല. കലക്കത്തിന്റെയോ വിദ്വേഷത്തിന്റെയോ ആത്മാവല്ല. പരിശുദ്ധാത്മാവ് അകന്നവരെ അടുപ്പിക്കുന്നു; ഭിന്നിച്ചു പോയവരെ ഒന്നിപ്പിക്കുന്നു; ചഞ്ചലഹൃദയരെ ഉറപ്പിക്കുന്നു; അവിശ്വാസികളെ വിശ്വാസികളാക്കുന്നു; പരിശുദ്ധാത്മാവ് പാപബോധം നൽകുന്നു; അശുദ്ധരെ വിശുദ്ധരാക്കുന്നു; ഭീരുക്കളെ ധൈര്യശാലികളാക്കുന്നു.

പരിശുദ്ധാത്മാവിന്റെ പകർച്ചമൂലം സുവിശേഷത്തിന്റെ പ്രചരണത്തിനുള്ള ശക്തി ലഭിക്കുന്നു. പരിശുദ്ധാത്മാവ് ഒരുവന്റെ ഉള്ളിൽ വരുമ്പോൾ അതുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു ആന്തരികശക്തി അവൻ പ്രാപിക്കുന്നു. കർത്താവ് പറഞ്ഞു, *"പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും".* "സാക്ഷികൾ ആകും" എന്നു മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്നത്, "സാക്ഷികൾ ആകണം" എന്നാണ് ഇംഗ്ലീഷിൽ. "Ye shall be witnesses unto me." (നിങ്ങൾ എന്റെ സാക്ഷികൾ ആകണം). പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാതെ സാക്ഷികൾ ആകാൻ സാധിക്കുകയില്ല.

പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ കൂടെ ചെയ്യുന്ന പ്രവൃത്തികൾ ആണ് അപ്പൊസ്തലപ്രവൃത്തികൾ. അതുകൊണ്ടാണ് അതിനെ പരിശുദ്ധാത്മാവിന്റെ സുവിശേഷം എന്ന് വേദപണ്ഡിതന്മാർ പറയുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ അവസാനമില്ലാത്തതാണ്. അതു നിർവ്വിഘ്നം നടന്നുകൊണ്ടിരിക്കുകയാണ്. എത്രയെത്ര രാജാക്കന്മാരും ഭരണാധികാരികളും പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളെ തടയാൻ ശ്രമിച്ചു. പക്ഷെ പരിശുദ്ധാത്മശക്തിയുടെ മുമ്പിൽ ചക്രവർത്തികളുടെ കിരീടങ്ങൾ തെറിച്ചുപോയി. ഭരണാധികാരികളുടെ പടവാളുകൾ ഒടിഞ്ഞുപോയി.

സുവിശേഷത്തിനും സുവിശേഷകന്മാർക്കും എതിരായി അനേകം ഭരണാധികാരികൾ പീഡകൾ അഴിച്ചുവിട്ടു. അനേകായിരം വിശ്വാസികൾ രക്തസാക്ഷികളായി. പക്ഷെ സുവിശേഷം ഇന്നും അജയ്യമായി നിലകൊള്ളുന്നതിന്റെ കാരണം പരിശുദ്ധാത്മ ശക്തിയാണ്.

ബൈബിളിൽ ഒരേ ഒരു പുസ്തകം മാത്രം അവസാനമില്ലാത്ത പുസ്തകമാണ്. അത് അപ്പൊസ്തല പ്രവൃത്തികളാണ്. അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകത്തിന്റെ അവസാന വാക്യം ഇങ്ങനെയാണ്: *"പൂർണ്ണ പ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് ഉപദേശിച്ചും പോന്നു."* (Acts 28:30).

ഇന്നും എതിർപ്പുകളും പോരാട്ടങ്ങളും ഉണ്ടെങ്കിലും സുവിശേഷം അനവരതം എല്ലായിടത്തും ഘോഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതിന്റെ കാരണം അപ്പൊസ്തലനായ പൗലോസ് പറയുന്നുണ്ട്: *"സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല. വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലൊ."* (റോമർ 1:16).

പൗലോസ് ശ്ലീഹാ തന്റെ ഒടുവിലത്തെ ലേഖനത്തിൽ തിമൊഥെയൊസിനോട് പറയുന്നു: *"ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല. ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രെ ദൈവം നമുക്കു തന്നത്."* (2 തിമൊത്തി 1:7). ആ ശക്തി ഉണ്ടായിരുന്നതു കൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് യൂറോപ്പിനെ സുവിശേഷം കൊണ്ട് ഇളക്കി മറിച്ചത്. പരിശുദ്ധാത്മ ശക്തിയാലാണ് സെന്റ് തോമസ് ഭാരതമണ്ണിൽ സുവിശേഷത്തിന്റെ വിത്തു പാകിയത്. പരിശുദ്ധാത്മശക്തിയാലാണ് ഇരുണ്ട ഭൂഖണ്ഡമായിരുന്ന ആഫ്രിക്ക (Dark Continent) ഉണരുന്ന ആഫ്രിക്കയായി മാറിയത്.

സുപ്രസിദ്ധ ചരിത്രകാരനായ H.G. Wells തന്റെ "The Outline of History" എന്ന ഗ്രന്ഥത്തിൽ എഴുതി: *"മാനവ സംസ്ക്കാരം എവിടെയെല്ലാം വികസ്വരമായിട്ടുണ്ടോ, മനുഷ്യചേതന എവിടെയെല്ലാം ഉണർന്നിട്ടുണ്ടോ അവിടെയെല്ലാം യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ അത്ഭുതകരമായ സ്വാധീനം നിഷ്പക്ഷ ബുദ്ധികൾക്കു കാണുവാൻ കഴിയും."*

പരിശുദ്ധാത്മശക്തിയാൽ ഒട്ടേറെ അത്ഭുതങ്ങൾ നടന്നിട്ടുള്ളതായി തിരുവചനം സാക്ഷിക്കുന്നു. പരിശുദ്ധാത്മ ശക്തിയാൽ ആന്തരിക ബന്ധനങ്ങൾ അഴിയുന്നു. വിശുദ്ധി കൈമുതലായി തീരുന്നു. അനപത്യതാ ദുഃഖം മാറുന്നു. സത്യാരാധന തുടങ്ങുന്നു. ജീവിത വിജയം നേടുന്നു. ഓരോ മനുഷ്യനും ഇഹലോക ജീവിതത്തിൽ നേടാവുന്നതും നേടേണ്ടതുമായ ഒരു നിധിയാണ് പരിശുദ്ധാത്മാവ്. ഈ ഭൂമിയിൽ ദുരിതങ്ങളുടെയും യാതനകളുടെയും മദ്ധ്യത്തിൽ നിതാന്ത ശാന്തി ഏവർക്കും ലഭ്യമാകട്ടെ എന്നതാണ് എന്റെ പ്രതീക്ഷയും പ്രത്യാശയും. ◎

യുവലോകം - 64

ഫാ. ഡോ. തോംസൺ റോബി



കൊറോണ നൽകിയ പാഠങ്ങൾ

കൊറോണയുടെ കാലത്ത് വന്ന ശ്രദ്ധേയമായ ഒരു ചിന്ത ഇങ്ങനെയായിരുന്നു: *"ജോഗിങ്ങില്ല, നടത്തമില്ല, സുംബായില്ല, ബ്ലോക്കില്ല, ഓഫീസില്ല, ട്യൂഷനില്ല, ഡേ കെയറില്ല, സ്കൂളില്ല, പള്ളിയില്ല, അമ്പലമില്ല, ജിമ്മില്ല, ടെന്നീസില്ല, സ്വിമ്മിങ്ങില്ല, ബ്യൂട്ടി പാർലറില്ല, ഹെയർ കട്ടിങ്ങില്ല, മാളില്ല, ഷോപ്പിങ്ങില്ല, ഊബറില്ല, ഹോം ഡെലിവറിയില്ല, സിനിമയില്ല, ഹോട്ടൽ ഫുഡില്ല, പാർക്കില്ല, ഗസ്റ്റില്ല, മീറ്റിങ്ങില്ല, സമരമില്ല, ജാഥയില്ല, പിരിവില്ല, കുറിയില്ല, കളക്ഷനില്ല, കച്ചവടമില്ല, ഉത്സവമില്ല, പെരുന്നാളില്ല, കല്യാണമില്ല, വീടുപാലുകാച്ചലില്ല, ബസില്ല, ട്രെയിനില്ല, വിമാനമില്ല, മെട്രോയില്ല, ബോട്ടില്ല, പത്തുരൂപയുടെ കപ്പലണ്ടിപ്പൊതിപോലുമില്ല എന്നിട്ടും നമ്മൾ ജീവിക്കുന്നു... ഇങ്ങനെയും ജീവിക്കാമെന്ന് പഠിപ്പിച്ച കാലമേ നിനക്ക് നന്ദി."*

ഇത്തിരി നീണ്ട ഈ മെസ്സേജ് ലോക്ഡൗണിന്റെ കാലഘട്ടത്തിൽ വന്ന മാറ്റത്തെ സൂചിപ്പിക്കുന്നു. മനുഷ്യൻ തന്നിലേക്കു തന്നെ ചുരുങ്ങിയിരിക്കുന്നു. ഇതിനുമുമ്പ് മനുഷ്യന് നടക്കാൻ മടിയായിരുന്നു; വാഹനം വേണം. ജീവിക്കാൻ സർവ്വ സന്നാഹങ്ങളും ആവശ്യമായിരുന്നു... എന്നാൽ കൊറോണ എന്ന ചെറിയ വൈറസിന്റെ വ്യാപനത്തിൽ അമാനുഷികനെന്ന് കരുതിയിരുന്ന മനുഷ്യൻ എത്രയോ നിസ്സാരനെന്ന് നാം തിരിച്ചറിഞ്ഞു. പുറത്തിറങ്ങാതെ വീടിനുള്ളിൽ ഒതുങ്ങിയിരിക്കുവാൻ മനുഷ്യനെ നിർബന്ധിച്ച ഈ കാലഘട്ടത്തിൽ മനുഷ്യബന്ധങ്ങളുടെ വില നാം അറിഞ്ഞു. പണക്കാരും പാവങ്ങളും ഒരുപോലെ ബുദ്ധിമുട്ടിലായ കാലം. സമ്പന്നനായ ബിൽ ഗേറ്റ്സ് വാഷിംഗ്ടണിലെ 66000 ചതുരശ്ര അടിയുള്ള വീടിനുള്ളിലും, കോടീശ്വരനായ മുകേഷ് അംബാനി സൗത്ത് മുംബൈ അൾട്ടാമൗണ്ട് റോഡിൽ 27 നിലയിൽ 4 ലക്ഷം ചതുരശ്രഅടിയുള്ള ആന്റിലിയ എന്ന സൗധത്തിലും പുറത്തിറങ്ങാതെ ജീവിച്ചു. കാരണം കൊറോണ തന്നെ.

എല്ലാ സംഭവങ്ങൾക്കും പിന്നിലൊരു ആത്മീയവശമുണ്ടെന്ന് കോവിഡ് നമ്മെ പഠിപ്പിക്കുന്നു, പഠിപ്പിച്ചു. സംസ്ക്കാരവും അധികാരവും മതവും ജോലിയും സാമ്പത്തികനിലയും എന്തായാലും നമ്മളെല്ലാം തുല്യരാണെന്ന് വൈറസ് ഓർമ്മിപ്പിക്കുന്നു. ഒരാളെ ബാധിക്കുന്നത് മറ്റെല്ലാവരെയും ബാധിക്കുന്നു. രാജ്യാന്തര അതിർത്തികൾതന്നെ അർത്ഥശൂന്യമാണെന്ന് പാസ്പോർട്ട് വേണ്ടാത്ത വൈറസ് ഓർമ്മിപ്പിക്കുന്നു. കൂടാതെ ആരോഗ്യം എത്ര പ്രാധാന്യമുള്ളതാണെന്ന് ലോകത്തെ പഠിപ്പിക്കുവാൻ ഈ കുഞ്ഞുവൈറസിനു സാധിച്ചു. ഈ ചിന്തകൾ വളരെ മുൻപുതന്നെ പറഞ്ഞുതന്ന എത്രയോ മാമുനിമാരെ നാം തിരസ്ക്കരിച്ചു. മനുഷ്യന്റെ അറിവില്ലായ്മയെ വെളിച്ചത്തു കൊണ്ടുവന്ന ഈ കാലം തിരിച്ചറിവിന്റേതായി മാറി.

ചരിത്രത്തിൽ രണ്ടു ലോക മഹായുദ്ധങ്ങൾ നടന്നതായി നാം പഠിക്കുന്നു. എന്നാൽ ഒരു മൂന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു - അതു കോവി

ഡിനോടാണ്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിൽ നേരിട്ടു പങ്കാളികളായ രാജ്യങ്ങൾ വളരെ കുറവാണ്; എന്നാൽ ഈ മൂന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുക്കാത്ത രാജ്യങ്ങൾ കുറവ്! ഏറിയാൽ നാലോ അഞ്ചോ രാജ്യങ്ങൾ മാത്രം കൊറോണയുടെ ആക്രമണത്തിൽ നിന്ന് ഒഴിവായി നിൽക്കുന്നു. ചൈനയിലും, അമേരിക്കയിലും, സ്പെയിനിലും, ഇറാനിലും, ഇറ്റലിയിലും എല്ലാം കോവിഡ് വിരുദ്ധ യുദ്ധം പുരോഗമിക്കുന്നത് നാം പത്രമാധ്യമങ്ങളിൽക്കൂടി അറിഞ്ഞുകൊണ്ടിരിക്കുന്നു. ഇവിടെ കൊച്ചു കേരളവും കോവിഡ് വിരുദ്ധ പ്രവർത്തനത്തിന് കാട്ടിയ ജാഗ്രത ലോകശ്രദ്ധ പിടിച്ചുപറ്റി. അതുകൊണ്ട് കൊറോണയ്ക്ക് കേരളത്തിൽ വൻതോതിൽ മുന്നേറാൻ കഴിഞ്ഞില്ലെങ്കിലും ലോക ജനസംഖ്യയിൽ മരണനിരക്ക് കൂടിവരുന്നു. സാമൂഹിക ബോധത്തെക്കുറിച്ചും പൗരത്വത്തെക്കുറിച്ചും മാനവരാശിയെ ചില പാഠങ്ങൾ പഠിപ്പിക്കാനുള്ള പ്രകൃതിയുടെ ഉദ്യമമായിരുന്നു ഈ വൈറസ് വ്യാപനം എന്നു ചിന്തിക്കുന്നതിലും തെറ്റില്ല.


മനുഷ്യൻ മനുഷ്യനെ മറന്ന് തന്റേതായ കൊച്ചുലോകത്തിലേക്ക് അമർന്നപ്പോൾ അവനെ ചില പാഠങ്ങൾ പഠിപ്പിക്കുവാൻ ദൈവം ഉപയോഗിച്ച ഒരു സന്ദർഭമായി ഈ വൈറസ് കാലഘട്ടത്തെ ദർശിക്കാം. പ്രകൃതി നമ്മളെ ഇന്ത്യക്കാരോ, അമേരിക്കക്കാരോ, കമ്യൂണിസ്റ്റുകളോ, ക്യാപിസ്റ്റലിസ്റ്റുകളോ ആയി കാണുന്നില്ല; മറിച്ച്, മനുഷ്യൻ എന്ന സ്പീഷീസ് ആയി മാത്രം കണക്കാക്കുന്നു. പ്രകൃതിയെ ചൂഷണം ചെയ്യാനുള്ള മനുഷ്യന്റെ ത്വരയെ ഒരു പരിധിവരെ ലോക്ഡൗൺ ചെയ്യാൻ ഇത് ഇടയാക്കി. ഡൽഹിയിലും മറ്റു പ്രദേശങ്ങളിലും ഉണ്ടായിരുന്ന വായുമലിനീകരണം കുറഞ്ഞ് മിനിമത്തിലേക്ക് എത്തിച്ചേർന്നു. അറിവുള്ളവർ പണ്ടുപണ്ടേ ഉപദേശിച്ചതു തന്നെയാണ് ഇപ്പോഴും രക്ഷാമാർഗം – ജീവിക്കുകയും ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക.

ത്യാഗത്തിന്റെ ഒരു കാലഘട്ടം – രോഗഭീഷണിക്ക് മുമ്പിലും രാപകലില്ലാതെ ജോലി ചെയ്ത ആരോഗ്യപ്രവർത്തകരുടേയും സർക്കാർ ഉദ്യോഗസ്ഥരുടേയും ശുചീകരണ തൊഴിലാളികളുടേയും അതുപോലെ ഒരുപാട് മനുഷ്യരുടേയും ത്യാഗമാണ് ഈ കാലഘട്ടത്തിൽ നാം കണ്ടത്. ഇവരെ ആദരിക്കാതെ വയ്യ. അതേ സമയം ആത്മീയതയുടെ മൊത്തക്കച്ചവടക്കാരുടെ തിരോധാനം നൽകിയ പാഠം മനുഷ്യനെ ഒരു വലിയ ചിന്തയിലേക്ക് നയിക്കുകയും ചെയ്തു. ഇങ്ങനെ പല പാഠങ്ങൾ മനുഷ്യനെ പഠിപ്പിച്ച ഈ കാലഘട്ടത്തിന് നന്ദി.

പതിന്നാലാം നൂറ്റാണ്ടിൽ ഉണ്ടായ കറുത്ത മരണം (Black Death) എന്ന മഹാമാരിക്കു മുമ്പിൽ പകച്ചുനിന്ന മനുഷ്യൻ 21-ാം നൂറ്റാണ്ടിൽ കൊറോണ വൈറസിന് മുമ്പിൽ പകച്ചു നിൽക്കുമ്പോൾ 'ശാസ്ത്രം ജയിച്ചു' എന്നു പറയുന്നതിന് അർത്ഥമില്ലാതെയാകുന്നു. ഓരോ പ്രതിസന്ധിയും തരണം ചെയ്യുമ്പോൾ പുതിയ വെല്ലുവിളികൾ ശാസ്ത്രത്തിന്റെ മുമ്പിൽ വരുന്നു. ആത്മീയ രംഗത്ത് 'ലൈവ് ടെലികാസ്റ്റ്' എന്ന നൂതനപദ്ധതി ആത്മിക കർമ്മങ്ങളുടെ പ്രസക്തിയെ വരുംകാലം ചോദ്യം ചെയ്തുകൂടാ എന്നില്ല. എല്ലാം അറിഞ്ഞു എന്ന മനുഷ്യന്റെ വിചാരം ശരിയല്ല. മനുഷ്യന്റെ അറിവിന് പരിമിതിയുണ്ട്. അതു മനസ്സിലാക്കാനുള്ള അവസരമാണ് കൊറോണക്കാലം. ഇവിടെ സർവ്വശക്തനായ ദൈവത്തിന്റെ സഹായം ആവശ്യമാണ് എന്ന തിരിച്ചറിവും നമുക്കു ലഭിക്കുന്നു. അതുപോലെ മനുഷ്യന്റെ ശേഷിക്കും പരിമിതിയുണ്ട്. അതുകൊണ്ട് അറിവിന്റെ പുതിയ മാനങ്ങൾക്കായി നമുക്ക് അന്വേഷിച്ചു കൊണ്ടേയിരിക്കാം. പ്രതീക്ഷയോടെ... ഞങ്ങളെ പാഠം പഠിപ്പിച്ച കാലമേ നന്ദി. ◎

ഇതൾ – 11

ഫാ. നോബിൻ ഫിലിപ്പ്



വിരാമം കുറിക്കേണ്ട അത്യാഗ്രഹം

ലോകം മുഴുവൻ ഭയന്ന് നിസ്സഹായമായി നിൽക്കുമ്പോഴും, മനുഷ്യർ സ്വാർത്ഥതയും അത്യാഗ്രഹവും കൈവിടാതെ അതിനെ സ്നേഹിച്ച് താലോലിക്കുന്നു. അതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ് അടുത്തകാലത്ത് നമ്മുടെ ചുറ്റുവട്ടത്തായി നടക്കുന്ന കുറ്റകൃത്യങ്ങൾ. കിട്ടിയത് പോരാ, കിട്ടിയത് പോരാ എന്ന മുദ്രാവാക്യം നാം എന്ന് പാടാൻ തുടങ്ങിയോ, അന്ന് ലോകം നശിക്കാൻ തുടങ്ങി. ഇങ്ങനെയൊരു തലമുറ രൂപപ്പെടുത്തുന്നതിന്റെ കാരണങ്ങളിൽ ഒന്ന് മാതാപിതാക്കന്മാരാണ്. സ്നേഹവും മമതയും ഇല്ലാതെ, ജീവിതത്തെ വിവേകത്തോടെ നേരിടാൻ അഭ്യസിപ്പിക്കാതെ വെട്ടിപിടിക്കാനും സമ്പാദിക്കാനും മാത്രം പരിശീലിപ്പിക്കുന്നതിന്റെ പരിണത ഫലമാണിത്. ഇങ്ങനെ എഴുതുന്നത് അടുത്ത കാലത്തായി കേരളത്തിൽ നടക്കുന്ന കുറ്റകൃത്യങ്ങളെയും അതിനു പിന്നിലുള്ള അത്യാഗ്രഹത്തേയും കുറിച്ചുള്ള സങ്കടം കൊണ്ടാണ്. ധനത്തോടുള്ള പരിധിയില്ലാത്ത ആർത്തി മനുഷ്യനെ എന്തു ചെയ്യാനും മടിയില്ലാത്തവനാക്കി മാറ്റുന്നു. ഇതെല്ലാം ഒരു വിധത്തിൽ മതങ്ങളുടെ പരാജയം കൂടിയാണ്. മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിൽ മതങ്ങൾ പരാജയപ്പെടുന്നു. മതപഠനത്തിലെ ഏറ്റവും വലിയ പാഠമാണ് “ആർത്തിയില്ലാതെ ജീവിക്കുക” എന്നത്. ആർത്തിയില്ലാതെ, തൃപ്തിയിൽ ജീവിക്കുവാൻ മനുഷ്യനെ അഭ്യസിപ്പിക്കുന്ന കലയുടെ പേരാണ് ആത്മീയത.

ഒരു കഥയുണ്ട്. ഒരിടത്ത് ഒരു മരംവെട്ടുകാരനുണ്ടായിരുന്നു. ഒരു സാധാരണക്കാരൻ. അയാൾക്ക് കുറെയേറെ സമ്പാദിക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. അതിനുള്ള ഓട്ടത്തിനിടയിൽ അയാൾ ഒരു സന്യാസിയെ കണ്ടെത്തി. ആ സന്യാസി ഒരു വനത്തിനടുത്തിരുന്ന് ധ്യാനിക്കുകയായിരുന്നു. തേജസ്വിയായ ആ സന്യാസിയുടെ അടുക്കലെത്തി മരംവെട്ടുകാരൻ തന്റെ ആവലാതികളത്രയും പറഞ്ഞുകൊണ്ടിരുന്നു. സന്യാസി പറഞ്ഞു, നീ ഈ കാട്ടിനകത്തേക്ക് കയറൂ; അവിടെ വെള്ളി ഉണ്ട്. അത് കേട്ടതും അവൻ ഓടിപ്പോയി വെള്ളി കണ്ടെത്തി. കുറച്ചു നാൾ കഴിഞ്ഞ് അയാൾ വീണ്ടും എത്തി ആവലാതി പറഞ്ഞു. സന്യാസി പറഞ്ഞു, നീ വനത്തിന്റെ ഉള്ളിലേക്ക് പ്രവേശിക്ക്; അവിടെ സ്വർണ്ണമുണ്ട്. അവൻ ഓടിച്ചെന്ന് സ്വർണ്ണം കണ്ട് സന്തോഷിച്ച് വാരിയെടുത്തു. അവന്റെ ആർത്തി കൂടിക്കൂടി വന്നു. വീണ്ടും അയാൾ സന്യാസിയുടെ അടുക്കലെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, ഇനിയും ഉള്ളിലേക്ക് പോയാൽ അവിടെ രത്നമുണ്ട്. അവൻ ഓടി സന്യാസി പറഞ്ഞിടത്ത് ചെന്ന് രത്നങ്ങൾ കണ്ട് മതിമറന്ന് സന്തോഷിച്ച് വാരിയെടുക്കുവാൻ തുടങ്ങി. പെട്ടെന്നവൻ ചിന്തിച്ചു, ഇതെല്ലാം ഇവിടെ കൃത്യമായി ഉണ്ടെന്നറിഞ്ഞിട്ടും ആ സന്യാസിക്ക് എങ്ങനെ ശാന്തനായി സംതൃപ്തിയോടെ അവിടെ ഇരിക്കാൻ കഴിയുന്നു! അവൻ ഓടി തിരികെയെത്തി അദ്ദേഹത്തിന്റെ ശിഷ്യനായി.

ഇത് വായിക്കുമ്പോൾ ചിലർക്കെങ്കിലും ഒരൽപം നീരസം തോന്നാം. എങ്കിൽ ഒരു പഴമൊഴി കൂടി, “മടിയിൽ ഘനം ഉണ്ടെങ്കിലേ വഴിയിൽ പേടിക്കേണ്ടതുള്ളൂ.” ◎



'ഇക്കോ ധർമ്മം പാലിക്കുക'

ആമുഖം

പരിസ്ഥിതിധാർമ്മികതയുടെ അച്ചുതണ്ട് പരിസ്ഥിതി അവബോധനത്തിലാണ് സ്ഥിതി ചെയ്യുന്നത്. കാലാവസ്ഥാ വ്യതിയാനത്തിനു ഭൂമിശാസ്ത്രപരമായ അതിർത്തിയില്ല. ജാതി, മത, വിഭാഗിക ചിന്തക്കതീതമായി മാനവരാശി ഇന്നു അഭിമുഖീകരിക്കുന്ന പരിസ്ഥിതിപ്രതിസന്ധിക്കു പരിഹാരം കണ്ടെത്തേണ്ടതാണ്. "നാം ഒത്തൊരുമിച്ചാൽ പരാജയപ്പെടുകയില്ല" (Together we cannot fail) എന്ന സനാതന വാക്യത്തിലെ ആദ്ധ്യാത്മികവും പ്രായോഗികവും ആയ ദർശനത്തിനു സഹായകരമായ പദ്ധതികൾ നടപ്പിലാക്കുവാൻ നാം ഏവരും പ്രതിജ്ഞാബദ്ധരാകേണ്ടതുണ്ട്. ജീവന്റെ പ്രതീകങ്ങളായ പഞ്ചഭൂതങ്ങൾ (five elements of the earth) ഇന്നു മരണത്തിന്റെ ശക്തികളായി തീർന്നിരിക്കുന്നു. പരിസ്ഥിതി മലിനീകരണം മൂലം ഉണ്ടായിട്ടുള്ള ഭവിഷ്യത്തുകളെ നേരിടുന്നതിനുള്ള കർമ്മപരിപാടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ദേശീയ, അന്തർദേശീയ തലങ്ങളിൽ നടപ്പിലാക്കുവാൻ ഇനിയും താമസിച്ചുകൂടാ. പ്രകൃതി ദുരന്തങ്ങളുടെ ക്ലേശം ലോകത്തെമ്പാടും ഉള്ള ജനത ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. കാലാവസ്ഥാ നീതി (Climate Justice) എന്ന ചിന്തയും, പരിസ്ഥിതി തീർത്ഥാടനവും സഭയുടെ പ്രേഷിതവൃത്തിയുടെ ഭാഗമായി നാം കരുതേണ്ടതാണ്. "ഭൂമിയും അതിന്റെ പൂർണ്ണതയും സർവ്വേശ്വരനുള്ളതാകുന്നു" എന്നുള്ള ബൈബിൾ വിചിന്തനം ഇടയ ദർശനത്തിനുള്ള കുറിവാക്യമാണ്.

പ്രപഞ്ചസൃഷ്ടിയ്ക്ക് കാരണഭൂതനായ ക്രിസ്തുവിന്റെ തേജസ്സിന് ഭൗമമലിനീകരണം മങ്ങലേൽപിക്കുന്നു. ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യത്തിലേക്ക് എത്തുവാൻ സൃഷ്ടി ഈറ്റുനോവോടുകൂടി കാത്തിരിക്കുന്നുവല്ലോ. പ്രകൃതിസംരക്ഷണം ക്രിസ്തീയ ദൗത്യമായി സഭ ഏറ്റെടുക്കുമ്പോൾ സ്വീകരിക്കേണ്ട ചില സംഗതികൾ ചൂണ്ടിക്കാണിക്കട്ടെ. ഇവ എല്ലാം തന്നെ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ദൗത്യത്തിനനുസൃതമാണ്. "നിന്റെ രാജ്യം ഭൂമിയിൽ വരണമേ" എന്നു പ്രാർത്ഥിക്കുന്ന സഭ ഉത്ഥിതനായ ക്രിസ്തുവിന്റെ ആജ്ഞ അനുസരിക്കുവാനുള്ള ആഹ്വാനമാണ് ഇത് സൂചിപ്പിക്കുന്നത്.

ഇക്കോ ആക്ടിവിസ്റ്റ് അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

1. സ്ഥായിയായ വികസനം
2. "ഇക്കോളജിക്കൽ റൈറ്റ്സ്'
3. പരിസ്ഥിതി നീതിബോധം
4. പരിസ്ഥിതി സംരക്ഷണവും മതമൈത്രിയും
5. വൃത്തി, ശുചിത്വം-ലോകനന്മയ്ക്ക്
6. ഏദൻതോട്ടം ധാർമ്മിക മാതൃക
7. ദുരന്തനിവാരണ പ്രവർത്തനങ്ങൾ
8. ദുരന്തബാധിതരുടെ പുനരധിവാസം
9. ആഗോളതാപനം - അവബോധം
10. മാലിന്യ നിർമ്മാർജ്ജനം
11. തീരദേശ പരിപാലനവും പശ്ചിമഘട്ട സംരക്ഷണവും
12. 2020-സസ്യാരോഗ്യവർഷം
13. UNO പ്രഖ്യാപിച്ച വികസന പരിപാടികൾ.
14. പരിസ്ഥിതി ജാഗ്രത ◎

സാമൂഹ്യദർശനം

കെ.ഡി. അഗസ്റ്റിൻ





കരുതലിന്റെ കരസ്പർശം

"റോഡിന്റെ വശങ്ങളിലിരിക്കുന്ന ദരിദ്രരെ അവഗണിച്ചുകൊണ്ട് കടന്നുപോകുമ്പോഴും പ്രാർത്ഥന കൃത്യമായി ചൊല്ലിയതു കൊണ്ട് നിർമ്മല മനഃസാക്ഷിയുണ്ടെന്ന് അവകാശപ്പെടാൻ സഭയ്ക്കോ ക്രിസ്ത്യാനിക്കോ സാധിക്കുകയില്ല. കാൽവരി എന്നത് ഇന്നുമുള്ള യാഥാർത്ഥ്യമാണ്. അത് അപ്രത്യക്ഷമായിട്ടില്ല. ദൈവാലയങ്ങൾക്കുള്ളിലെ മനോഹര ചിത്രമല്ല കാൽവരി. റോഡരികിൽ മരിച്ചുകൊണ്ടിരിക്കുന്ന ദരിദ്രനെ അവഗണിച്ച് കടന്നു പോകുന്നത് പാപമാണ്. ഇത് ആധുനിക കാലത്തിന്റെ പാപമാണ്. ഇത് ഇന്നിന്റെ പാപമാണ്."

– ഫ്രാൻസിസ് മാർപാപ്പാ

മഹത്തരവും സഫലവുമായ ഒരു ജീവിതം നയിക്കുന്നതിന് നാം ആഗ്രഹിക്കുന്നുവെങ്കിൽ മറ്റുള്ളവരിലേക്ക് കടന്നു ചെല്ലേണ്ടതുണ്ട്. നമ്മുടെ സുഹൃത്തുക്കളുടെയോ സമ്പന്നരായ അയൽവാസികളുടെയോ അടുത്തേക്കല്ല, പിന്നെയോ ദരിദ്രരും രോഗികളുമായവരുടേയും അവഗണിക്കപ്പെടുന്നവരുടേയും അടുത്തേക്ക്. നമ്മുടെ സമകാലികരിൽ ഭൂരിപക്ഷവും അനുദിനം ക്ലേശിച്ച് ജീവിക്കുകയാണ്. പുറന്തള്ളപ്പെടലിന്റേയും അപമര്യാദയുടേയും അക്രമത്തിന്റേയും സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാധാരണ ജനങ്ങൾ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ പലപ്പോഴും പ്രാപ്തരല്ലാതെ വരുന്നു. രോഗങ്ങളും രോഗാണുക്കളും പടർന്നുകൊണ്ടിരിക്കുന്നു. സമ്പന്നമെന്ന് പറയപ്പെടുന്ന രാജ്യങ്ങളിൽ പോലും ജീവിതം ദുസ്സഹമായിരിക്കുന്നു. ജീവിക്കുന്നതിന്റെ സന്തോഷംതന്നെ കുറഞ്ഞുവരുന്നു.

ഇന്ന് ഒഴിവാക്കലിന്റേയും അസമത്വത്തിന്റേയും ഒരു സമ്പദ്വ്യവസ്ഥയോട് 'അരുത്' എന്ന് നമുക്കും പറയേണ്ടിരിക്കുന്നു. പ്രായാധിക്യമുള്ള ഒരാൾ പാർപ്പിടം പോലുമില്ലാതെ മരിക്കുമ്പോൾ അത് വാർത്തയാകാതിരിക്കുകയും, സ്റ്റോക്ക് മാർക്കറ്റിൽ രണ്ട് പോയിന്റ് നഷ്ടപ്പെടുമ്പോൾ അത് വാർത്തയാകുകയും ചെയ്യുന്ന പ്രവണത കൂടി വരുന്നു. ഉപേക്ഷിക്കപ്പെടേണ്ട ഉപഭോഗവസ്തുവായി മനുഷ്യൻ പരിഗണിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലേക്കാണ് നാം എത്തിച്ചേർന്നിരിക്കുന്നത്. Use and throw എന്ന ഉപഭോക്തൃ സംസ്ക്കാരം രൂപപ്പെട്ടു കഴിഞ്ഞു.

ദരിദ്രരുടെ നിലവിളിയോട് അനുകമ്പ തോന്നാൻ, അവരുടെ വേദനയെക്കുറിച്ച് കരയുവാൻ, അവരെ സഹായിക്കാനുള്ള സന്നദ്ധത ഉണ്ടാകുവാൻ തക്ക മനസ്സ് ഇല്ലാ

ത്തവരായി നാം തീർന്നിരിക്കുന്നു. ഇവയെല്ലാം മറ്റാരുടെയോ ഉത്തരവാദിത്വമാണെന്നും നമ്മെ ബാധിക്കുന്ന കാര്യമല്ലെന്നുമുള്ള മനോഭാവത്തിലേക്ക് എത്തിയിരിക്കുന്നു. ഒഴിവാക്കപ്പെടുന്നത് സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവരോ, അതിന്റെ പാർശ്വങ്ങളിലുള്ളവരോ, പൗരാവകാശം ഇല്ലാത്തവരോ മാത്രമല്ല; പിന്നെയോ സമൂഹത്തിന്റെ സമ്മർദ്ദം കൊണ്ടോ, വാർദ്ധക്യസഹജമായ ബലഹീനതകൾ കൊണ്ടോ അവഗണിക്കപ്പെട്ടവരുമാണ്. സമൂഹത്തിലെ ഒരു ന്യൂനപക്ഷത്തിന്റെ സമ്പാദ്യങ്ങൾ അനേകമടങ്ങായി വളരുകയും ആയത് ഏതാനും പേർ മാത്രം ആസ്വദിക്കുകയും ചെയ്യുന്ന "അഭിവൃദ്ധി"യിൽ നിന്ന് അവരെയും ഭൂരിപക്ഷത്തെയും വേർതിരിക്കുന്ന വിടവും അങ്ങനെതന്നെ വളരുകയാണ്.

സ്വന്തം സ്വത്ത് ദരിദ്രരുമായി പങ്കുവെക്കാതിരിക്കുക എന്നത് അവരിൽ നിന്ന് മോഷ്ടിക്കുകയും അവരുടെ ഉപജീവനമാർഗ്ഗം തന്നെ തട്ടിയെടുക്കുകയും ചെയ്യുന്നതിന് തുല്യമാണ്. നാം സ്വന്തമെന്ന് കരുതിവെച്ചിരിക്കുന്നതെല്ലാം നമ്മുടെ മാത്രമല്ല, അവരുടേതും കൂടിയാണ്. അതുകൊണ്ട് അവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് മനുഷ്യധർമ്മമാണ്. ഒന്നിച്ച് കൂടുന്നതിന്റേയും ഐക്യത്തിന്റേയും വേദികളായി തീരേണ്ടവ പലപ്പോഴും ഒറ്റപ്പെടലിന്റേയും അവിശ്വാസത്തിന്റേയും ഇടങ്ങളായിത്തീരുന്നു. അക്കാദമിക്, ബിസിനസ്, പ്രൊഫഷണൽ വൃത്തങ്ങളിലും, സഭാവൃത്തങ്ങളിൽപ്പോലും ദരിദ്രരെ മാറ്റി നിറുത്തുന്ന പ്രവണത ഇന്ന് കൂടി വരുന്നു. രഹസ്യസ്ഥലങ്ങളിൽ ഓരോ ദിവസവും കൊലചെയ്യപ്പെടുന്നവർ നിങ്ങളുടെ സഹോദരനോ സഹോദരിയോ അല്ലേ? ഭിക്ഷാടനത്തിന് ഉപയോഗിക്കുന്ന കുഞ്ഞുങ്ങളിലും അനധികൃതമായി പണിയെടുപ്പിക്കുന്ന തൊഴിലാളികളിലും നിങ്ങളുടെ സഹോദരിയേയോ സഹോദരനേയോ കാണാൻ ശ്രമിച്ചിട്ടുണ്ടോ? "എവിടെ നിന്റെ സഹോദരൻ?" (ഉൽ 4:9).

പാവപ്പെട്ടവരുടെ വിമോചനത്തിനും അഭിവൃദ്ധിക്കും സമൂഹത്തിന്റെ നന്മയ്ക്കും ഉപകരിക്കുംവിധം ദൈവത്തിന്റെ ഒരു ഉപകരണമായിത്തീരാൻ ഓരോ വ്യക്തിയും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ വിളിക്കപ്പെട്ടിരിക്കുന്ന നാം ഓരോരുത്തരും മറ്റുള്ളവരെ സഹായിക്കാൻ ബാധ്യസ്ഥരാണ്. സമ്പത്ത് ഉണ്ടായിരിക്കെ, തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നുവെങ്കിൽ നമ്മിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? (1 യോഹ 3:17). ഇതിന്റെ വെളിച്ചത്തിലാണ് 'നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ' (മർക്കോസ് 6:37) എന്ന് ക്രിസ്തു പറഞ്ഞത്. ചില മനുഷ്യർ വിഭവശേഷി കുറഞ്ഞതോ വികസനം വേണ്ടത്ര നടക്കാത്തതോ ആയ സ്ഥലങ്ങളിൽ ജനിച്ചുപോയി എന്നത് അവരുടെ കുറ്റമല്ല. ആ കാരണത്താൽ കുറഞ്ഞ അന്തസ്സോടെ ജീവിക്കുന്നതിന് ന്യായീകരണവുമില്ല. കൂടുതൽ സൗഭാഗ്യമനുഭവിക്കുന്നവർ മറ്റുള്ളവർക്ക് ഉദാരമായി നൽകുന്നതിന് സ്വന്തം അവകാശങ്ങളിൽ ചിലത് ഉപേക്ഷിക്കുവാൻ തയ്യാറാകണം. അപ്രകാരം നൽകപ്പെടാൻ അർഹരായവരെ നാം തിരിച്ചറിയണം. അവരുടെ ശാരീരിക ആകാരമോ, കഴിവുകളോ, ഭാഷയോ, ചിന്താരീതിയോ, നമുക്ക് കിട്ടിയേക്കാവുന്ന സംതൃപ്തിയോ കൊണ്ടല്ല, മറിച്ച് അവരും ദൈവത്തിന്റെ സൃഷ്ടിയാണ് എന്നുള്ളതുകൊണ്ടത്രേ. അവരിൽ ദൈവ മഹത്വത്തിന്റെ ഒരംശം പ്രതിഫലിക്കുന്നു എന്നതുകൊണ്ട് അവർ സഹായ

ത്തിന് അവകാശപ്പെട്ടവരാണ്. മെച്ചപ്പെട്ട ജീവിതമുണ്ടാക്കുവാൻ ഒരു വ്യക്തിയെ എങ്കിലും നമുക്ക് സഹായിക്കാൻ സാധിക്കുന്നപക്ഷം അത് നമ്മുടെ ജീവിതത്തേ അർഥവത്താക്കും.

സഹായം ചെയ്യുന്നത് സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിലല്ല, മനഃസാക്ഷിയുടെ അടിസ്ഥാനത്തിലാണ്. ഒരു നിശ്ചിത നിലവാരത്തിൽ എത്തിയശേഷം ആരെയെങ്കിലും സഹായിക്കാമെന്ന് കരുതുന്ന ആരും ആർക്കും ഉപകരിക്കുകയില്ല. കാരണം, സഹായം നൽകാൻ പറ്റിയ ധനശേഷിയിൽ തങ്ങൾ എത്തിയെന്ന് ആരും ഒരിക്കലും വിശ്വസിക്കുകയില്ല. സ്വന്തം അവസ്ഥയ്ക്കുമപ്പുറം, സഹായം അർഹിക്കുന്നവന്റെ അവസ്ഥ തിരിച്ചറിയാൻ കഴിയുന്നവരാണ് യഥാർത്ഥ സഹായികൾ. ഉള്ളതുകൊണ്ട് ഞെരുങ്ങി കഴിയുന്നവരുടെ ഇടയിൽ "കാരുണ്യ"ത്തിന്റെ കരസ്പർശവും പ്രശസ്തിയുടെ ക്യാമറ കണ്ണുകളുമായി പരമസാത്വികഭാവം നടിച്ച് ചിലർ എത്തും. നിസ്സഹായരുടെ ദൈന്യതയെ ചൂഷണം ചെയ്ത് പേരെടുക്കുന്ന അത്തരക്കാർ സാധുക്കളുടെ ആത്മാഭിമാനത്തിനു കൂടി ക്ഷത മേൽപ്പിക്കുന്നു. "വലത് കൈ ചെയ്യുന്നതെന്തെന്ന് ഇടത് കൈ അറിയാതിരിക്കട്ടെ" (മത്തായി 6:3).

വെനീസിലെ ഒരു ഭക്ഷണശാലയിൽ വരുന്നവരുടെ ഇടയിൽ ഒരു പ്രത്യേക ശീലമുണ്ട്. അവിടെ വരുന്നവരിൽ അധികം പേരും തങ്ങൾ കഴിക്കുന്നതെന്താണോ അതുതന്നെ ഒന്നുകൂടി മറ്റാർക്കോ വേണ്ടി ഓർഡർ ചെയ്യുന്നു. അധികമായി ഓർഡർ ചെയ്യുന്നതിന്റെ പേര് ഹോട്ടൽ ഉടമ നോട്ടീസ് ബോർഡിൽ കുറിച്ച് വയ്ക്കുന്നു. നിർധനരായി ഭക്ഷണം കിട്ടാതെ വലയുന്ന ആർക്കു വേണമെങ്കിലും ആ ഹോട്ടലിൽ കയറി നോട്ടീസ് ബോർഡിൽ നോക്കി അത്യാവശ്യം വേണ്ട ഭക്ഷണം വാങ്ങി കഴിക്കാം. അതിന് പ്രതിഫലം ഒന്നും കൊടുക്കേണ്ടതില്ല. കാരണം, അതിന്റെ തുക മുൻകൂറായി ഓർഡർ ചെയ്ത വ്യക്തി ഹോട്ടൽ ഉടമയെ ഏൽപ്പിച്ചിട്ടുണ്ട്. ഹോട്ടൽ ജീവനക്കാർ അവിടെ വരുന്ന എല്ലാ അതിഥികളോടും യാതൊരു വിവേചനവും കൂടാതെ, തുല്യബഹുമാനത്തോടും ആദരവോടും കൂടിത്തന്നെയാണ് പെരുമാറുന്നത്. തനിക്കുവേണ്ടി ആരാണ് സംഭാവന ചെയ്തതെന്ന് അറിയാതെ വളരെയധികം നിർധനരായ മനുഷ്യർ അവിടെ വന്ന് വിശപ്പ് അടക്കുന്നു. സംഭാവന ചെയ്തവരോട് യാതൊരു വിധത്തിലുള്ള വിധേയത്വവും കടപ്പാടും വരുന്നില്ല. നൽകുന്നവന് അതിന്റെ മേൽക്കോയ്മയോ അഹംഭാവമോ ഉണ്ടാകുന്നില്ല. ഇത് അവരുടെ ചാരിറ്റിയുടെ സംസ്ക്കാരമാണ്. ഏതൊരു മനുഷ്യനും തന്റെ അഭിമാനമാണ് വലുത്. ദാരിദ്ര്യം കാരണം ഒരു മനുഷ്യനും തന്റെ ആത്മാഭിമാനം നഷ്ടപ്പെടാൻ ഇട വരരുത്.

മറ്റുള്ളവരെ സ്നേഹിക്കുന്നതും സഹായിക്കുന്നതും ദൈവവുമായ ഐക്യത്തിലേക്ക് നമ്മെ അടുപ്പിക്കുന്ന ഒരു ആത്മീയ ശക്തിയാണ്. അന്യരെ അംഗീകരിക്കാൻ നമ്മുടെ കണ്ണുകൾ തുറക്കുമ്പോൾ ദൈവത്തെക്കുറിച്ചുള്ള വിശ്വാസത്തിന്റേയും അറിവിന്റേയും വെളിച്ചത്തിൽ നാം വളരുകയാണ്. 'സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം' (അപ്പൊ. പ്ര. 20:35). സ്വന്തം സുഖ സൗകര്യങ്ങളിൽ തന്നെത്തന്നെ പൂട്ടിയിടുമ്പോൾ നാം നന്നായി ജീവിക്കുന്നില്ല. അങ്ങനെയുള്ള ജീവിതം സാവധാനത്തിലുള്ള ആത്മഹത്യയെക്കാൾ കുറഞ്ഞതൊന്നുമല്ല. നമ്മുടെ ജീവിതം കൊണ്ട് ഒരാൾക്ക് മെച്ചപ്പെട്ട ജീവിതമുണ്ടാകുവാൻ എന്തെങ്കിലും സഹായം ചെയ്യാൻ സാധിച്ചാൽ അതാണ് ശ്ലാഘനീയം. ◎

ക്രൈസ്തവ ദർശനം - 33

പ്രൊഫ. ഡോ. റ്റി. വി. തോമസ്



ദൈവത്തെ രുചിച്ചറിയുക

ദൈവവിശ്വാസം ഏതൊരു വിശ്വാസത്തേയും പോലെ വ്യക്തിഗതമാണ്. ഒരു വ്യക്തിയ്ക്ക് ദൈവത്തിൽ വിശ്വസിക്കുവാനും വിശ്വസിക്കാതിരിക്കുവാനും പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ഇരുകൂട്ടർക്കും അവരുടേതായ വാദഗതികൾ ഉണ്ടാവാം. "വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും, കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു" (എബ്രായർ 11:1). നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് കാണുവാൻ കഴിയാത്ത ധാരാളം വസ്തുക്കൾ ലോകത്തിൽ ഉണ്ട്. അവയുടെ പലതിന്റേയും നിലനില്പിനെ നാം കാണാതെ തന്നെ വിശ്വസിക്കുന്നുമുണ്ട്. വൈദ്യുതി, റേഡിയോ, ഇന്റർനെറ്റ് മുതലായ ധാരാളം തരംഗങ്ങൾ നമ്മെ വലയം ചെയ്യുന്നുണ്ട്. നമുക്ക് ദൃശ്യമല്ലെങ്കിൽക്കൂടി അവയുടെ പ്രവർത്തനങ്ങളിലൂടെ അവ നമുക്ക് അനുഭവവേദ്യമാകുന്നു. അതുപോലെ തന്നെ ദൈവത്തിന് ആളത്വമില്ലെങ്കിൽക്കൂടി പ്രകൃതിയിലുള്ള തന്റെ ദൈനംദിന പ്രവർത്തനങ്ങളിലൂടെ ദൈവം നമുക്ക് അനുഭവവേദ്യം തന്നെയാണ്. "ദൈവമില്ലയെന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" (സങ്കീർത്തനം 53:1). അദൃശ്യനായ ദൈവത്തിന്റെ പ്രവർത്തനങ്ങളെ തിരിച്ചറിയുവാൻ കഴിയുന്നതിലൂടെ മാത്രമേ ദൈവസ്നേഹം നമുക്ക് അനുഭവിച്ചറിയുവാൻ കഴിയുകയുള്ളൂവെന്ന് ഒരു കഥയിലൂടെ വ്യക്തമാക്കാം:

ഷിക്കാഗോ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഡിവിനിറ്റി ഓരോ വർഷവും പ്രഭാഷണ പരമ്പരകൾ സംഘടിപ്പിക്കാറുണ്ടായിരുന്നു. അതിൽ പ്രശസ്തരായ ആളുകൾ പങ്കെടുത്തിരുന്നു. വളരെ വർഷങ്ങൾക്കു മുമ്പ് ഡോ. പോൾ എന്ന പ്രഗത്ഭനായ പ്രഭാഷകനെ ക്ഷണിച്ചു. അദ്ദേഹത്തെ ശ്രവിക്കുന്നതിന് ധാരാളം ആളുകൾ സന്നിഹിതരായി. പ്രസംഗമദ്ധ്യേ അദ്ദേഹം യേശുക്രിസ്തു ജീവിച്ചിരുന്നിട്ടില്ലെന്നും കുരിശിൽ മരണം വരിയ്ക്കുകയോ ഉയിർത്തെഴുന്നേൽക്കുകയോ ചെയ്തിട്ടില്ലെന്നും തന്റെ പാണ്ഡിത്യവും പുസ്തകങ്ങളും ആധാരമാക്കി സമർത്ഥിയ്ക്കുകയുണ്ടായി. കേൾവിക്കാരായി അവിടെ സന്നിഹിതരായിരുന്നവർക്ക് അതിനേക്കുറിച്ച് എന്തെങ്കിലും പറയുവാനുണ്ടോയെന്ന് തന്റെ പ്രഭാഷണത്തിന്റെ അവസാനം അദ്ദേഹം ചോദിച്ചു. മുൻഭാഗത്തായി ഇരുന്ന ആരും തന്നെ ഒന്നും പറഞ്ഞില്ല. എന്നാൽ അവിടെ വളരെ പുറകിൽ ഇരുന്നിരുന്ന ഒരു യുവാവ് മുന്നോട്ട് ചെന്ന് തനിക്ക് ഒരു ചോദ്യം ചോദിക്കാനുണ്ട് എന്ന് അറിയിച്ചു. അതിനുശേഷം തന്റെ കൈവശം ഉണ്ടായിരുന്ന ഒരു ആപ്പിൾ എടുത്തു കടിച്ച് മുഴുവനായി തീർന്നശേഷം, താൻ കഴിച്ച ആപ്പിൾ മധുരമുള്ളതാണോ കയ്പുള്ളതാണോയെന്നു മാത്രം ചോദിച്ചു. വളരെയധികം പാണ്ഡിത്യമുള്ള ആളാണ് ഡോക്ടർ പോളെന്നും, അദ്ദേഹത്തിന്റെ എബ്രായ, ഗ്രീക്ക് ഭാഷകളിലുള്ള അറിവ് വളരെ വലുതാണെന്നും അദ്ദേഹത്തെ പ്രശംസിച്ചു പറയുകയും,

(ശേഷം പേജ് 32-ൽ)

Gleanings

Dr. Raju K. John



WAYS OF THE UNDERDOG - Stories from the Old Testament and elsewhere

(Continued)

3. Tamar and Judah(Genesis Ch. 38)

Judah was the son of Jacob, and Tamar was the wife of Er, his first born. Er was wicked in the Lord's sight and so the Lord put him to death. Since he died childless, Tamar would receive the protection of the Levirate legislation which required the brother or nearest kinsman of a deceased man to marry his widow and provide her with offsprings. The purpose of the law was to provide protection and support for her and to preserve her husband's name and inheritance. The children of a Levirate marriage are socially and legally acknowledged as the children of the dead man.

So Judah commanded Onan, his second son, to fulfil his Levirate duty towards his brother's widow. Now, Onan was in dilemma. With Er's death he was eligible for the primogeniture rights (rights of the first born). If he agreed to the Levirate union with Tamar, a male child born from the union would inherit the primogeniture rights, instead of him. If he didn't obey his father, he would be stripped of his primogeniture rights. In either case, he would be the loser. Therefore he accepted the obligation, but at the same time by his abominable and perverted acts ensured that no heir could possibly result from the union. What he did was wicked in the Lord's sight; so the Lord put him also to death.

Fearing that his other son Shelah would also die like his brothers, Judah asked Tamar to go back to her father's household and live as a widow until Shelah grew up. But Judah didn't keep his promise. So she bided her time to claim her Levirate rights. After a long time, she got the information that her father-in-law was going to Timnah to shear his sheep. Meanwhile Judah's wife, her mother-in-law, had died. She disguised herself as a shrine prostitute and waited for him at Enaim on the way to Timnah. When he saw her, he invited her to spend the night with him and offered her a young goat from his flock as reward. She demanded and received his seal and its cord and his staff as pledge until she received the goat. He spent the night with her and she became pregnant. He couldn't recognise her since she had covered her face. Meanwhile Judah sent the young goat through his friend in order to get his pledge back from the woman, but the woman was nowhere to be found and

no one knew of any shrine prostitute in Timnah.

About three months later Judah was told that her daughter-in-law Tamar was guilty of prostitution, and as a result she was pregnant. Flush with anger, he commanded to bring her out and to burn her to death. While she was being brought out, she produced the seal and cord and staff she got from Judah and sent him a message that she was pregnant by the man who owned these. Judah recognized them and said, “She is more righteous than I, since I wouldn’t give her to my son Shelah.” But he didn’t have any further physical relationship with her.

Judah first tricked her by asking her to go to her father’s household and live there as a widow until his son Shelah came of age to fulfil his Levirate obligation with her. Then he deceived her by withholding him from her even after he came of age.

She was living in a patriarchal society where the patriarch’s decisions, whether just or not, were final and where a woman had no means to express her grievances and seek redressal. Perhaps that was why she decided to pay her father-in-law back in the same coin. Her seduction and deception were not out of malicious intentions, but out of helplessness. But we cannot say the same about Judah’s actions.

Judah was the fourth son of Jacob, yet Jacob blessed him saying that he would rule over his brothers and it was God’s will that this blessing would be realised through Perez, Tamar’s son. We find her name mentioned in the genealogy of Christ in the gospel according to St. Matthew.

(To be continued)

(തുടർച്ച പേജ് 29)

തുടർന്ന് യാതൊരു പാണ്ഡിത്യവും അവകാശപ്പെടുവാൻ ഇല്ലാത്ത തന്റെ ലളിതമായ ഈ ചോദ്യത്തിന് ഉത്തരം നല്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

“അത് നിങ്ങൾക്കു മാത്രമേ അറിയുവാൻ കഴിയുകയുള്ളൂ”വെന്ന് ഡോ. പോൾ പുരികം ചുളിച്ചുകൊണ്ടു ചോദ്യകർത്താവിനോട് പറഞ്ഞു. “അങ്ങനെയെങ്കിൽ ഞാൻ രുചിച്ചറിഞ്ഞ ദൈവം എങ്ങനെയുള്ളത് എന്ന് എനിക്കു മാത്രമേ അറിയുവാൻ കഴിയുകയുള്ളൂ”വെന്ന് യുവാവ് ഡോക്ടർ പോളിനോടു പറഞ്ഞു. താൻ കഴിച്ച ആപ്പിൾ മധുരമുള്ളതാണോ, കയ്പേറിയതാണോയെന്ന് മറ്റൊരാൾക്ക് പാണ്ഡിത്യം കൊണ്ട് വിവേചിച്ചറിയുവാൻ കഴിയാത്ത സാഹചര്യത്തിൽ താൻ രുചിച്ചറിഞ്ഞ ദൈവത്തെക്കുറിച്ച് പണ്ഡിതനായ ഡോക്ടർക്ക് എങ്ങനെ പറയുവാൻ കഴിയും? സദസ്സിൽ കുറെയാളുകൾ എഴുന്നേറ്റുനിന്ന് കരഘോഷങ്ങളോടെ ദൈവത്തെ മഹത്വപ്പെടുത്തുവാൻ തുടങ്ങി. “യഹോവ നല്ലവനാണെന്ന് രുചിച്ചറിയുവിൻ” (സങ്കീർത്തനം 34:8). ഡോക്ടർ പോളിന്റെ ആത്മവിശ്വാസം ചോർന്നു പോയതുപോലെ തോന്നി!

ദൈവത്തിൽ ആശ്രയം വയ്ക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. അങ്ങനെയുള്ള ആളുകൾക്കു മാത്രമേ ദൈവത്തെ രുചിച്ചറിയുവാനും അനുഭവിക്കുവാനും കഴിയുകയുള്ളൂ. ◎

Life Style

Dr. Annie David



God's Intervention in Human History

It appears to me that the title I have given above suggests a topic which perhaps is more controversial than anything else I can think of at the moment. Let me clarify that the context in which I am making this statement is that of the global menace, the Corona virus. Is it a case of God's intervention in human history, as many people seem to think? Is God putting a check on the alarming rate at which the population of the world is growing? Is God trying to teach the human race a lesson? Is God shutting the world down for a much needed renovation? It could be any of these, all of these, or none of these. Well, people have the freedom to hold their own views of the matter.

But let us pause for a moment to consider a few points: (1) Isn't there a need to check the rapidity with which our population is increasing? (2) Haven't we gone wrong in many ways? Aren't there some important lessons we have to learn? (3) Isn't the world badly in need of a renovation? Isn't it time our abominably polluted habitat was given a thorough cleaning up? Yes, there are many obvious reasons why the world had to face a near total shut down of this kind. The circumstances which have brought this about could be of divine, natural or human origin. You are at liberty to hold your own views of the matter.

But I should like to point out that human history has had several occasions to face the inevitable conclusion that it was certainly God who intervened to set matters right for the world. Jewish history, as we read it in the Old Testament of the Bible, tells us so on many occasions. Many other nations also are likely to have had similar experiences.

There appears to be some agent, which goes beyond what could be called either human or natural, causing unforeseen and drastic changes to human history. Would you like to call it divine? Well, the choice is yours!

God has given a long rope to man. Man took undue advantage of this, and strayed too long in the wrong direction. Sooner than later, the prodigal will find himself "longing for the pods that the pigs are eating". So it is high time that he realized this, repented and returned to the Father. The Father is waiting there with arms wide open to receive you, to forgive you. He wants you to get back to the task you have been entrusted with – of taking care of His Garden of Eden, our planet earth. ◎

Kaleidoscope

Dr. Mercy Abraham

The Heavenly Banquet

Oh! come Holy Spirit
And lighten my life with Your Grace
Allow me to see You standing beside me
Protecting me from all dangers
And snares of the enemy
Be a Light for my paths till the end
Have mercy on me Lord.



Have mercy on all the oppressed, all mankind
Fill me with Your peace that transcends all understanding
Oh! give me grace, kindness
Answer me from high above, the heaven.

I bow before You Lord, my Redeemer and Shield
Wash away all my sins so that I will be clean
Let me taste Thee and see that You are good
Let us praise God with all the saints and archangels.

Oh Lord! pull me out of this miry clay
Stretch out your mighty arms to lift me up
When I look at the waves of this ocean
Around me where storms of tribulations frighten me.

When my gaze shifts from Your beautiful face
Let Your light shine around me
Let my legs not stumble in this stony path
Send Your legions of angels to protect me from the vile of the enemy
Let Your precious blood seal my path so that there is no darkness


Let me make a new song, a melody in my heart unto the Lord –
Let praise, honour and glory be given unto the Almighty.

And want to give a testimony
How the Lord has done great things for me
By sharing these beautiful thoughts with you all
Who truly call upon the Lord during this end times.
Wait for the Rapture, when we all be lifted up to heaven
When the trumpet of the Lord shall sound
And the Lord will come to receive the bride
For the Royal Banquet.

Last Page

M.G. Kuruvilla

Forwards... & ...Gossips



The moment we hear the word "Forwards", we remember the forwards in WhatsApp. Firstly, we think the forwards are very informative and entertaining; secondly, we feel they are plenty in number and repetitive in nature; and, thirdly, they turn out to be useless and a nuisance. When we are members of more than one group, there is no escape from repetitive forwards. When we find our cell phones overloaded with forwards, we fail to find enough time to delete the unwanted items.

Most of the forwards are mere extracts from the bigger world of facebook. The main problem with forwards is that we do not verify the genuineness of the contents. Very often we are in a hurry to share it before others do so, with the result that the same person will be getting the same message/ forward from many people in a matter of a few minutes. Even when feeling uncomfortable with the multiplicity of forwards, we go ahead with the service of spreading it, which in turn results in the sender getting it back, as a member of some other groups.

Whatever is written above is our daily experience. As senders we are proud, but as receivers we are disturbed. We swallow some messages, simply because we believe the sender, and we wonder when a second message declares it fake. We can spread anything and keep it live for some time. We can make people believe it, as long as it is not contradicted.

This is true with gossips also. Generally, we are not interested in speaking good about others, and the least interested in sharing good news. When we meet somebody, we say "Good morning" and ask "What news?" in the hope of getting some gossip about some of our common friends. If we do not get it, we may even start manufacturing something on our own. We want to broadcast it at the earliest! When we handle gossip, we don't care how it affects the victim... whether it has any basis... how far it goes... without ever remembering that a gossip has the same "aroma" of stale food. The irony is that it can even boomerang!

Now, let us see a role model message: "And the Angel said unto them, Be not afraid; for behold, I bring you good tidings of great joy, which shall be to all the people..." (St. Luke 2:10). This is about the birth of Jesus Christ. It is pure and simple; it is not a gossip. The message contains an appeal to forward the contents – the "glad tidings" – to "all people".

Let our messages and forwards be a source of joy and happiness to all... ◎

June 2020/Church Weekly/RNI No. 3216/1957
Registered No. KL/ALY/0029/2018-20
Licence No. KL/CR/ALU/WPP-01/2018-20
Licenced to Post Without Prepayment.

Price : Rs. 10/-
Vol.74
Issue 6
Date of Publication : 15/06/2020

Printed by KURUVILLA M. GEORGE, published by KURUVILLA M. GEORGE on behalf of the Alwaye Fellowship House Association, Aluva – 683102 and printed at the Alwaye Press, Friendship House, Aluva – 683101 and published at the Alwaye Fellowship House, U.C. College P.O., Aluva - 683102. Editor: KURUVILLA M. GEORGE